

risala study circle
GULF COUNCIL

# റമളാൻ
## ജേർണൽ





# ഖുർആൻ വെളിച്ചം

ഖുർആൻ എന്ന പദത്തിനർത്ഥം വായിക്കുക, വായിക്കപ്പെടുന്നത് എന്നാണ്.
'വായിക്കുക, നിന്റെ സൃഷ്ടാവിന്റെ നാമത്തിൽ'

اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ *خَلَقَ الْإِنْسَانَ مِنْ عَلَقٍ*اقْرَأْ وَرَبُّكَ
الْأَكْرَمُ* الَّذِي عَلَّمَ بِالْقَلَمِ (سُورَةُ الْعَلَق:١-٤)

വായനയെ ഉദ്ഘോഷിച്ചും പേനയുടെ മഹത്വം വർണ്ണിച്ചുമുള്ള ഖുർആനിന്റെ തുടക്കം ഏറെ ശ്രദ്ധിക്കപ്പെട്ടു. മനുഷ്യന്റെ ജനനം മുതൽ മരണം വരെയും ജനനത്തിന് മുമ്പും മരണാനന്തരവുമുള്ള സകലമാന വിവരങ്ങളും സവിസ്തരം ഖുർആൻ പ്രതിപാദിക്കുന്നു.



ഇസ്‌ലാം മതത്തിന്റെ അടിസ്ഥാന ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ ഏഴാം ശതകത്തിൽ അവതരിച്ചതും അറബി ഭാഷയിലുള്ളതുമായ ഖുർആൻ മനുഷ്യ സൃഷ്ടാവായ അല്ലാഹു അവന്റെ അവസാന ദൂതരായ മുഹമ്മദ് മുസ്തഫ (സ്വ) യിലൂടെ മുഴുവൻ മനുഷ്യർ ക്കും വേണ്ടി നൽകിയ അവസാനത്തെ വേദഗ്രന്ഥമാണ്. അറബി ഭാഷയിലെ സാഹിത്യ ഭംഗിയുടെ ഉത്തമോദാഹരണമായി ഖുർആൻ വിലയിരുത്തപ്പെടുന്നു.

ഓ, മനുഷ്യരേ;
എന്ന അഭിസംബോധനയാണ് ഖുർആൻ ഏറ്റവും കൂടുതൽ ഉപയോഗി ച്ചിട്ടുള്ളത്. കുടുംബം,സാമൂഹികം, സാംസ്കാരികം, തൊഴിൽ, സാമ്പത്തികം, രാഷ്ട്രീയം,പരസ്പര ബന്ധങ്ങൾ, ന്യായാന്യായങ്ങൾ തുടങ്ങി മനുഷ്യ ജീവിത വുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും ഖുർആനിൽ പ്രതിപാദി ച്ചിട്ടുണ്ട്. ‘ലോക രക്ഷിതാവിൽ നിന്ന് അവതരിച്ചത്’ എന്നാണ് ഖുർആൻ അതിനെ സ്വയം പരിചയപ്പെടുത്തുന്നത്. വെറുമൊരു ചിന്താ വിഷയമോ, പടച്ചവനും പടപ്പും തമ്മിലുള്ള ദാർശനിക പ്രശ്നങ്ങ ളുടെ ചർച്ചയോ മാത്രമല്ല. അത് മനുഷ്യന്റെ ചിന്താ കർമ്മങ്ങ ളുടെ ചിട്ടവട്ടങ്ങൾ നിയന്ത്രിക്കുന്ന മാർഗരേഖയും അനുവദിനീയവും അല്ലാത്തവയും തമ്മിൽ വേർതിരിക്കുന്ന ഒരു മാനദണ്ഡവുമാണ്. ഉത്തമ സാഹിത്യഗ്രന്ഥം എന്ന നിലയിൽ നമ്മുടെ വൈകാരിക തലങ്ങളെ ആഴത്തിൽ സ്വാധീനിക്കുന്നതോടൊപ്പം വലിയ പ്രതീക്ഷ കളുയർത്തി മനുഷ്യന് വിശാലമായ സ്വപ്നങ്ങൾ സമ്മാനിക്കുക കൂടി ചെയ്യുന്നുണ്ട് ഖുർആൻ. ശാന്തവും സമാധാന പൂർണ്ണവുമായ, വേദനകളും നൊമ്പരങ്ങളുമില്ലാത്ത ഒരു ലോകത്തിന്റെ യാഥാർത്ഥ്യ ത്തെ ശക്തമായി അവതരിപ്പിക്കുന്ന ഖുർആൻ യാഥാർത്ഥ്യമാകുന്ന ആ സ്വർഗ ലോകത്തെ സ്വപ്നം കാണാൻ വിശ്വാസികൾക്ക് ധൈര്യം പകരുന്നു.

## വിസ്മയം, അനിർവ്വചനീയം

മനുഷ്യ സംസ്കാരത്തിന്റെ പ്രാഗ് രൂപത്തിൽപെട്ട ഗോത്ര ജീവിതം നയിച്ചിരുന്ന അറബികളിൽ പരിഷ്കാരത്തിന്റെ ഒരു ലക്ഷണവു മുണ്ടായിരുന്നില്ല. അവരിലെ കടുത്ത സ്വഭാവക്കാരനെ പോലും ഉത്തമ സംസ്കാരത്തിന്റെ വക്താവാക്കുന്നതിന് വിശുദ്ധ ഖുർആനിന് സാധ്യ മായി. 1500 ആണ്ടുകളുടെ ലോക ചരിത്രത്തിൽ വേഷം, ഭാഷ, സംസ് കാരങ്ങൾ, ലിപികൾ തുടങ്ങി മനുഷ്യ മനോഭാവങ്ങളിലുൾപെടെ ഭൂമുഖത്ത് നിരവധി മാറ്റങ്ങളും രൂപാന്തരങ്ങളും സംഭവിച്ചു.

എന്നാൽ വിശുദ്ധ ഖുർആനിന്റെ ഭാഷക്കോ സാഹിത്യത്തിനോ സന്ദേശങ്ങൾക്കോ ഒരു മാറ്റവുമില്ലാതെ ഏത് കാലത്തേക്കും സ്വീകാര്യയോഗ്യമായ വേദഗ്രന്ഥമായി ഇന്നും നിലനിൽക്കുന്നു. ഖുർആൻ ഒരു കവിതയല്ല. കവിതയിൽ ഭൂരിഭാഗവും കാൽപ്പനികതയും ഭാവനകളുമാകാം യാഥാർഥ്യമാകണമെന്നില്ല. എന്നാൽ ഖുർആനിന്റെ കാൽപനികലോകം പൂർണമായും യാഥാർഥ്യവും മനുഷ്യജീവിതത്തോട് ചേർന്ന് നിൽക്കുന്നതുമാണ്. അതുകൊണ്ട് തന്നെയാണ് മാനവ മനസ്സിനെ ശക്തമായി സ്വാധീനിക്കാനും വശീകരിക്കാനും അതിന് സാധ്യമാകുന്നത്. മാറിമറിഞ്ഞ് കൊണ്ടിരിക്കുന്ന മനുഷ്യന്റെ മാനസിക ഭാവങ്ങളോട് ഖുർആൻ നിരന്തരം സംവദിക്കുന്നുണ്ട്. അതിവൈകാരികതക്കപ്പുറം സമഗ്രതയും ധാർമികതയും മനുഷ്യന് മുന്നിൽ ഖുർആൻ തുറന്ന് വെക്കുന്നു. ഭൗതിക ലോകത്തെ ധാർമികതയിൽ ഇഴകിച്ചേർന്നുള്ള കർമ്മങ്ങളിലൂടെ മനുഷ്യൻ നിർമ്മിച്ചെടുക്കുന്ന ഫലപ്രാപ്തിയുടെ ലോകമാണ് ഖുർആൻ വിഭാവനം ചെയ്യുന്നത്. ഉത്സാഹത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഉദാത്തജീവിതം കാഴ്ചവെക്കുന്നവർക്കാണ് സ്വർഗീയ സുഖജീവിതമെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. ഇക്കാര്യം നബി (സ്വ) തന്റെ മാതൃകാ ജീവിത ത്തിലൂടെ യാഥാർഥ്യമാക്കി അവതരിപ്പിക്കുകയും ചെയ്യുന്നു.

## അവതരണം

നാൽതാം വയസ്സിൽ പ്രവാചകത്വ ലബ്ധിയോടെ ജിബ്‌രീൽ (അ) മുഖേന നബി (സ്വ) ക്ക് അവതരണം ആരംഭിച്ച ഖുആൻ തന്റെ 23 വർഷത്തെ ശിഷ്ട ജീവിതത്തിൽ വിവിധ ഘട്ടങ്ങളിലാ യാണ് പൂർത്തിയായത്. നബി(സ്വ) യുടെ ജീവിതത്തിൽ ധാരാളം അസാധാരണ സംഭവങ്ങളുണ്ടായിട്ടുണ്ട്. അല്ലാഹുവിൽ നിന്നുള്ള ദിവ്യ ബോധനം (വഹ്‌യ്), ചന്ദ്രന്റെ പിളർപ്പ്, വിരലുകൾക്കിടയിൽ നിന്നുള്ള ശുദ്ധജല പ്രവാഹം, ഉണങ്ങിയ ഈന്തപ്പന മരത്തിന്റെ കരച്ചിൽ, ഒറ്റ രാത്രിയിൽ വാനലോകത്തേക്ക് നടത്തിയ അത്ഭുത യാത്ര, സഞ്ചരിക്കുന്ന പാതയിൽ മേഘം തണൽ വിരിച്ചത്, മലക്കു കൾ തന്റെ നെഞ്ച് പിളർത്തി ഹൃദയ ശുദ്ധീകരണം നടത്തിയത് എല്ലാം ഏറെ പ്രസിദ്ധമാണ്. മുഹമ്മദ്(സ്വ) തന്റെ പ്രവാചകത്വ ലബ്ധിക്ക് മുമ്പ് തന്നെ ഭൗതിക ബന്ധങ്ങളിൽ നിന്നു മകന്ന് ഏകാഗ്ര മനസ്സോടെ അല്ലാഹുവിനെ ധ്യാനിക്കാൻ മക്കയിലെ ജബലുന്നൂർ പർവത ശിഖിരത്തിലെ ഹിറാ ഗുഹയിൽ വസിക്കുക പതിവായിരുന്നു. ആ ഏകാന്ത വാസത്തിനിടയിലാണ് പ്രവാചകത്വ നിയോഗമുണ്ടാവുന്നത്. തിരുനബി (സ്വ) യുടെ പ്രിയ പത്നി ആയിശ ബീവി (റ)

പറയുന്നു. നിദ്രാ വേളയിൽ കാണുന്ന സ്വപ്നങ്ങൾ യാഥാർത്ഥ്യമായി പുലരാറുണ്ട്. പിന്നീട് പതിവായി നടത്തിയ ഹിറാവാസത്തിനിടെ ഒരു ദിവസം ജിബ്‌രീൽ (അ) എന്ന മലക്ക് മനുഷ്യരൂപത്തിൽ നബി (സ്വ) യുടെ സവിധത്തിൽ എത്തി 'വായിക്കുക' എന്ന് പറഞ്ഞു. ഞാൻ എഴുത്തും വായനയും പഠിച്ചിട്ടില്ല, എന്നായിരുന്നു നബി (സ്വ) യുടെ പ്രതികരണം. ആ സമയം തിരുനബിയെ ശക്തമായി അണച്ച് കൂട്ടി ജിബ്‌രീൽ (അ) 'നീ ഓതുക' എന്ന് തന്നെ ആവർത്തിച്ചു. അനന്തരം 'ഞാൻ എഴുത്തും വായനയും പഠിച്ചിട്ടില്ല' എന്ന് തന്നെ നബി (സ്വ) മറുപടി നൽകി. ഇങ്ങനെ മൂന്ന് തവണ ശക്തമായി അണച്ചു കൂട്ടിയ ജിബ്‌രീൽ (അ) മൂന്നാം തവണ അലഖ് സൂറത്തിലെ ആദ്യത്തെ നാല് സൂക്തങ്ങൾ ഓതി കേൾപ്പിക്കുകയായിരുന്നു. ഇങ്ങനെയായിരുന്നു ഖുർആൻ അവതരണത്തിന്റെ ആദ്യരൂപം.

## വഹ്‌യ് (ദിവ്യസന്ദേശം)

സൃഷ്ടാവായ അല്ലാഹു അവന്റെ ദൂതൻമാരായ പ്രവാചകന്മാർക്ക് നൽകുന്ന ദിവ്യസന്ദേശമാണ് വഹ്‌യ്. ഇത് പല രൂപങ്ങളിലുമുണ്ടാവാറുണ്ട്. തേനീച്ചയുടേതിന് സാമ്യമായ ശബ്ദവീചികൾ, ഹൃദയത്തിലേക്ക് പകർന്ന് നൽകൽ, മണിനാദം കേൾക്കൽ, ദിവ്യബോധനം (ഇൽഹാം), സ്വപ്നങ്ങൾ, മലക്ക് നേരിട്ട് ചൊല്ലി കൊടുക്കൽ, അല്ലാഹുവുമായുള്ള നേരിട്ടുള്ള സംഭാഷണം ഇതെല്ലാം വഹ്‌യിന്റെ രൂപങ്ങളിൽപെട്ടതാണ്. ഒരിക്കൽ ഹാരിസിബ്നു ഹിഷാം നബി(സ്വ)യോട് ചോദിച്ചു. 'എങ്ങനെയാണ് തങ്ങൾക്ക് വഹ്‌യ് വരുന്നത്'? ചില സന്ദർഭങ്ങളിൽ മണിനാദം പോലെ വരുന്നു. എനിക്ക് ഏറ്റവും വിഷമകരമായത് അതാണ്. പിന്നീടത് നിൽക്കും, അപ്പോഴേക്കും ഞാൻ ആ സന്ദേശം ഹൃദിസ്തമാക്കിയിട്ടുണ്ടാകും. ചിലപ്പോൾ മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു മലക്ക് എന്നോട് സംസാരിക്കും. അതും ഞാൻ ഹൃദിസ്ഥമാക്കും. പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട ഒരു പ്രത്യേക വിഭാഗമായ മലക്കുകളിൽ പ്രധാനിയായ ജിബ്‌രീൽ (അ) നാണ് പ്രവാചകർക്ക് ദിവ്യസന്ദേശം എത്തിച്ച് കൊടുക്കുന്ന ദൗത്യം. സാധാരണ മനുഷ്യരെ കൊണ്ട് ജിബ്‌രീലിനെ കാണുകയോ കേൾക്കുകയോ അസാധ്യമാണ്. എന്നാൽ ഖുർആനിക സന്ദേശം സ്വീകരിക്കാൻ അല്ലാഹു നബി (സ്വ) യെ പ്രാപ്തമാക്കിയിട്ടുണ്ട്. അവിടുത്തെ ശരീരവും മനസും നേരത്തെ തന്നെ അതിന് പാകപ്പെടുത്തിയിട്ടുമുണ്ട്. പ്രവാചകത്വം നൽകുന്നതിനു മുമ്പ് തന്നെ ചില അസാധാരണ ശസ്ത്രക്രിയയിലൂടെ തിരുനബിയുടെ ഹൃദയവും ശരീരവും ശുദ്ധീകരിക്കുന്ന പ്രക്രിയ നടന്നിട്ടുണ്ട്. പ്രവാചകൻമാർക്ക് അമാനുഷികമായ ചില വിശേഷണങ്ങളു

ണ്ടെന്ന വിശ്വാസം ഉറപ്പിക്കുമ്പോൾ മാത്രമേ ഖുർആനിന്റെ യഥാർത്ഥ ആശയം അനുഭവിക്കാൻ സാധിക്കുകയുള്ളൂ. വഹ്യ്, പ്രവാചകത്വം തുടങ്ങിയവ അവയിൽ ചിലതു മാത്രമാണ്. പ്രകാശ സൃഷ്ടിയായ മലക്കിൽ നിന്ന് നേരിട്ട് സംഭാഷണങ്ങൾ സ്വീകരിക്കാൻ കഴിയുക, മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന മലക്കിനെ തിരിച്ചറിയാൻ കഴിയുക, മലക്കിന്റെ സ്വരങ്ങൾ കേൾക്കുമ്പോൾ തന്നെ വ്യക്തതയോടെ മനസ്സിലാക്കാനും ഉൾകൊള്ളാനും കഴിയുക തുടങ്ങിയ കാര്യങ്ങളെല്ലാം സാധാരണ മനുഷ്യ പ്രകൃതിക്കും യുക്തിക്കും യോജിക്കാത്തതും സാധ്യമാകാത്തതുമായ പ്രതിഭാസങ്ങളാണ്. ഏതു വിധത്തിലായാലും വഹ്യ് സ്വീകരിക്കുക എന്നത് വളരെ ക്ലേശകരമായ ഒരു കാര്യമായിരുന്നത് കൊണ്ട് തന്നെ വഹ്യ് സ്വീകരിക്കുന്ന സമയത്ത് പല ഭാവവ്യത്യാസങ്ങളും തിരുനബിയിൽ പ്രകടമായിരുന്നു. ആയിശ ബീവി (റ) പറയുന്നു. തണുപ്പുള്ള കാലത്തും വഹ്യ് സ്വീകരിക്കുമ്പോൾ നബി (സ്വ) നന്നായി വിയർത്ത് ഒലിക്കുമായിരുന്നു. ഹിറാ ഗുഹയിൽ വെച്ച് വഹ്യ് സ്വീകരിച്ച ശേഷം കുറച്ച് കാലത്തേക്ക് നബി (സ്വ) ക്ക് ദിവ്യസന്ദേശം ഒന്നും ഉണ്ടായില്ല. മൂന്നു വർഷങ്ങൾക്കു ശേഷം ഒരു ദിവസം മരുഭൂമിയിലൂടെ നടക്കുമ്പോൾ ഉപരിലോകത്ത് നിന്നും ഒരു ശബ്ദം കേട്ടു. മുമ്പ് ഹിറാ ഗുഹയിൽ വെച്ച് കണ്ട അതേ മലക്ക് തന്നെ ആകാശ ഭൂമികൾക്കിടയിൽ വീണ്ടും പ്രത്യക്ഷനായിരിക്കുന്നു. ചിറകുകൾ വിടർത്തി ഭീമാകാരമായ ഒരു രൂപം. പ്രവാചകർ പരിഭ്രമിച്ചു. ശക്തിയായ പനിയും വിറയലും അനുഭവപ്പെട്ടു. മുമ്പുണ്ടായ അതേ അനുഭവം തന്നെ. വീട്ടിലേക്ക് തിരിച്ചു. പത്നിയായ ഖദീജ ബീവി (റ) യോട് 'സമ്മിലൂനീ സമ്മിലൂനീ എന്നെ പുതപ്പിക്കൂ എന്നെ പുതപ്പിക്കൂ' എന്നു പറഞ്ഞു. പുതപ്പ് മൂടി വിശ്രമിക്കുകയായിരുന്ന സമയത്ത് ജിബിരീൽ (അ) വീണ്ടും പ്രത്യക്ഷനായി. 'പുതപ്പിട്ടുമൂടി കിടക്കുന്ന നബിയേ, എഴുന്നേൽക്കൂ, ജനങ്ങളെ താക്കീത് ചെയ്യൂ, നാഥന്റെ ഔന്നിത്യം പ്രഖ്യാപിക്കൂ, അഴുക്കിൽ നിന്നും വസ്ത്രത്തെ ശുദ്ധീകരിക്കൂ, വിഗ്രഹ ങ്ങളെ വർജിക്കൂ'എന്നിങ്ങനെ ദിവ്യസന്ദേശം നൽകി. പിന്നീട് വിവിധ സന്ദർഭങ്ങളിലായി ഖുർആൻ അവതരിച്ചു കൊണ്ടേയിരുന്നു.

## തുടക്കവും ഒടുക്കവും

തൊണ്ണൂറ്റാറാം അദ്ധ്യായമായ സൂറത്തുൽ അലഖിലെ 1 മുതൽ 5 വരെയുള്ള സൂക്തങ്ങളാണ് ഖുർആനിൽ നിന്ന്ആദ്യമായി അവതരിച്ചത്. രണ്ടാം അദ്ധ്യായമായ സൂറത്തുൽ ബഖറയിലെ 'അല്ലാഹുവിങ്കലേക്ക് തിരിച്ചയക്കപ്പെടുന്ന ഒരു ദിവസം നിങ്ങൾ സൂക്ഷിക്കുക. എന്നിട്ട് ഓരോ വ്യക്തിക്കും താനനുവർത്തിച്ചതിനുള്ള പ്രതിഫലം പൂർണമായി നൽകപ്പെടും. അവരോട് അക്രമം പ്രവർത്തിക്കപ്പെടില്ല'

എന്നർത്ഥം വരുന്ന 281 ാം നമ്പർ ആയത്താണ് അവസാനമായി ഇറങ്ങിയത്. സൂറത്തുൽ ഫാതിഹ മുതൽ സൂറത്തുന്നാസ് വരെ 114 സൂറത്തുകളാണ് ഖുർആനിലെ ആകെ അധ്യായങ്ങൾ.

## മക്കിയ്യ്, മദനിയ്യ്

അവതരണ കാലത്തെ പരിഗണിച്ച് ഖുർആനിനെ മക്കിയ്യ്, മദനിയ്യ് എന്നീ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പ്രവാചകരുടെ മക്കയിൽ നിന്നും മദീനയിലേക്കുള്ള പാലായനത്തിന് (ഹിജ്റ) മുമ്പ് അവതരിക്കപ്പെട്ടവയെ മക്കിയ്യ് എന്നും ഹിജ്റക്ക് ശേഷം അവതരിക്കപ്പെട്ടവയെ മദനിയ്യ് എന്നും അറിയപ്പെടുന്നു.

## ഖുർആനിന്റെ ക്രമങ്ങൾ

ഖുർആൻ അവതരണം തുടങ്ങുന്നത് വിശുദ്ധ റമളാൻ ലൈലത്തുൽ ഖദ്റിലാണ്. രണ്ട് രൂപത്തിലുള്ള ക്രമങ്ങൾ (തർത്തീബ്) ഖുർആനിനുണ്ട്.

**1. തർത്തീബുത്തിലാവ:** പാരായണ ക്രമം, അഥവാ മുസ്ഹഫിൽ ഉള്ള ക്രമം. ലൗഹുൽ മഹ്ഫൂളിൽ ഇപ്രകാരമാണ് ഉള്ളത്. (ഇമാം സുയൂത്വിയുടെ അൽ ഇത്ഖാൻ)

**2. തർത്തീബുന്നുസൂൽ:** അവതരണ ക്രമം, അഥവാ തിരുനബി (സ്വ) ക്ക് 23 വർഷം കൊണ്ട് അൽപാൽപ്പമായി അവതരിച്ച രൂപം. ഖുർആനിലെ ഓരോ സൂക്തങ്ങളുടെയും അവതരണത്തിന് ചില പാശ്ചാത്തലങ്ങളുണ്ട്. ഈ പാശ്ചാത്തലങ്ങളെ (സബബുന്നുസൂൽ) 'അവതരണ കാരണങ്ങൾ' എന്നുവിളിക്കുന്നു. ഖുർആൻ വേണ്ട രീതി യിൽ ഗ്രഹിക്കാനും ഉദ്ദേശ്യം മനസിലാക്കാനും അവതരണ പാശ്ചാത്തലം (സബബുന്നുസൂൽ) അറിയൽ അനിവാര്യമാണ്.

## വിശ്വാസിയുടെ മാനിഫെസ്റ്റോ

മാനുഷ്യകുലത്തിനായി അവതീർണമായത് അവർക്ക് വിവരിച്ചു കൊടുക്കാനും അവർ ചിന്തിക്കാൻ വേണ്ടിയും താങ്കൾക്കു നാം ഖുർആൻ അവതരിപ്പിച്ചിരിക്കുന്നു. (വി.ഖു:16:44) മനുഷ്യരുടെ രക്ഷിതാവിന്റെ അനുവാദ പ്രകാരം ജനങ്ങളെ അന്ധകാരങ്ങളിൽ നിന്നു പ്രകാശത്തിലേക്ക്, പ്രതാപശാലിയും സ്തുത്യർഹനുമായ അല്ലാഹുവിന്റെ പാതയിലേക്ക്, കൊണ്ടുവരുവാൻ വേണ്ടി താങ്കൾക്ക് നാം അവതരിപ്പിച്ച വേദഗ്രന്ഥമാണത്. (ഇബ്റാഹീം:1). നിശ്ചയം ഈഖുർആൻ ഏറ്റവും ചൊവ്വായ പാതയിലേക്ക് നയിക്കുകയും

സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് മഹത്തായ പ്രതിഫലമാണുള്ളതെന്നും പരലോക വിശ്വാസമില്ലാത്തവർക്ക് വേദനയുറ്റ ശിക്ഷ നാം ഒരുക്കിയിട്ടുണ്ടെന്നും ശുഭവാർത്തയറിയിക്കുകയും ചെയ്യുന്നു. (അൽഇസ്റാഅ് :9,10) ഭയഭക്തിയുള്ളവർക്ക് ശുഭവാർത്ത യറിയിക്കാനും തർക്കക്കാരായ ജനത്തിന്നു താക്കീതു നൽകാനു മായി ഈ ഖുർആനെ താങ്കളുടെ ഭാഷയിൽ നാം ലളിതമാക്കി ത്തന്നിരിക്കുന്നു (മർയം: 97) പ്രവാചക പത്നി ആയിശാ (റ) യോട് തിരുനബി(സ)യുടെ ജീവിതശൈലിയെ കുറിച്ച് ചോദിച്ചപ്പോൾ അത് ഖുർആൻ ആയിരുന്നു എന്ന മറുപടിയാണ് ഉണ്ടായത്. ഖുർആൻ മന:പാഠമാക്കിയവർക്ക് നരക മോചനം ഉണ്ടെന്ന് മാത്രമല്ല മറ്റുള്ളവർക്ക് ശുപാർശ ചെയ്യാനുള്ള അവകാശം കൂടിയുണ്ട്. നബി (സ) പറയുന്നു. ഖുർആൻ അനുസരിച്ച് ഒരാൾ ജീവിച്ചാൽ സ്വർഗത്തിൽ പ്രവേശിക്കുകയും, കുടുംബത്തിൽ നിന്ന് നരകാവകാശി കൾ ആയ പത്തുപേർക്ക് ശുപാർശ ചെയ്യാൻ അവസരം നൽക പ്പെടുകയും ചെയ്യും. (തുർമുദി, ഇബ്നുമാജ)

## വിശ്വാസിയും ഖുർആനും

വിശ്വാസിയുടെ ഇമാനിന്റെ ബഹിർ പ്രകടനവും പരിമളവുമാണ് ഖുർആൻ. അത് അല്ലാഹുവിന്റെ കലാമാണ്. പ്രകാശമാണ്. 'ഓ ജനങ്ങളേ: നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നും നിങ്ങൾക്ക് പ്രമാണം വന്നു കഴിഞ്ഞു. വ്യക്തമായ പ്രകാശം നിങ്ങൾക്ക് നാം അവതരിപ്പിക്കു കയും ചെയ്തിരിക്കുന്നു.(വി.ഖു: 4:174). സകല പ്രമാണങ്ങളുടെയും അടിസ്ഥാനവും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹവും സർവ്വ രോഗങ്ങൾക്കുമുള്ള പ്രതിവിധിയുമാണത്. വിശുദ്ധ ഖുർആൻ പ്രശ്നങ്ങൾക്കുള്ള പരിഹാരവും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹവുമാണ്. ഓ ജനങ്ങളേ, രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും മനസ്സുകളിലെ രോഗത്തിന്ന് ശമനവും നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു; സത്യവിശ്വാസികൾക്ക് സൻമാർഗവും കാരുണ്യവു മാണത്. (വി.ഖു:10:57) അത് ജീവിതത്തിന്റെയും ദിനചര്യയുടെയും പ്രധാനപ്പെട്ട ഭാഗമാകണം. പഠിക്കുകയും പഠിപ്പിക്കുകയും പാരായണം ചെയ്യുകയും വേണം. അത് ഏതു കഠിന ഹൃദയനെയും അല്ലാഹു വിലേക്ക് അടുപ്പിക്കുകയും പാപങ്ങളിൽ നിന്ന് അകറ്റുകയും ചെയ്യും. ഖുർആനുമായി നിത്യ സമ്പർക്കമില്ലാത്തവന്റെ വിശ്വാസം ലഘുവായ പരീക്ഷണങ്ങളുടെ മുമ്പിൽ പോലും പതറിപ്പോവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യാത്ത വീടുകൾ സ്മശാന സമാനമാണ്. തിരുദൂതർ (സ) പറഞ്ഞു. നിങ്ങളുടെ വീടുകൾ നിങ്ങൾ സ്മശാനങ്ങളാ

ക്കരുത്. (മുസ്‌ലിം). നബി (സ്വ) പറഞ്ഞു. ഖുർആനിൽ നിന്നും അൽപം പോലും മനസിൽ ഇല്ലാത്തവൻ ശൂന്യമായ വീട് പോലെയാണ്. (തിർമിദി)

## പാരായണം: ശ്രേഷ്ഠമായ ഇബാദത്ത്

വളരെ ശ്രേഷ്ഠമായ ഇബാദത്താണ് ഖുർആൻ പാരായണം. ഒരു മനുഷ്യൻ പറയുന്ന വാചകങ്ങളിൽ ഏറ്റവും ഉത്തമമായത് അല്ലാഹുവിന്റെ വചനങ്ങളാണ്. ഖുർആൻ പഠിച്ച മനസ് അടച്ച് വെച്ച കസ്തൂരി പോലെയാണ്. പാരായണമാണ് അതിനെ പുറത്തേക്ക് പ്രവഹിപ്പിക്കാനുള്ള മാർഗ്ഗം. ഖുർആൻ പാരായണം അല്ലാഹു കൽപിച്ച പുണ്യകർമമാണ്. പാരായണക്കാരെ അവൻ ഏറെ പുകഴ്ത്തുന്നതു കാണാം. ഖുർആൻ പറയുന്നു: താങ്കൾക്ക് ബോധനം നൽകപ്പെട്ട നാഥന്റെ ഗ്രന്ഥം പാരായണം ചെയ്യുക (വി.ഖു:18:27). നിശ്ചയം അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും, നിസ്കാരം നിലനിർത്തുകയും, നാം നൽകിയതിൽ നിന്നും രഹസ്യമായും പരസ്യമായും ചിലവഴിക്കുകയും ചെയ്യുന്നവർ ഒരിക്കലും നഷ്ടം വരാത്ത വ്യവഹാരത്തെ ആഗ്രഹിക്കുന്നവരാണ്. അവൻ അവർക്ക് മതിയായ പ്രതിഫലം പൂർത്തീകരിച്ചു നൽകുകയും അവന്റെ ഔദാര്യമായി ധാരാളം വർദ്ധിപ്പിച്ചും നൽകുകയും ചെയ്യും. നിശ്ചയം അല്ലാഹു ഏറെ പൊറുത്തു നൽകുന്നവനും നന്ദിയുള്ളവനുമാണ്.(വി.ഖു 35:29-30) നബി (സ്വ) പറയുന്നു. നിങ്ങൾ ഖുർആൻ പഠിക്കുക. എന്നിട്ട് പാരായണം ചെയ്യുക. എന്ത് കൊണ്ടെന്നാൽ ഖുർആൻ പഠിച്ചു പാരായണം ചെയ്യുകയും അത്കൊണ്ട് രാത്രി നമസ്കരിക്കുകയും ചെയ്യുന്നവൻ കസ്തൂരി പോലെയാണ്. അതിൽ നിന്നും എല്ലായിടത്തും പരിമളം പരക്കുന്നു. അബ്ദുല്ലാഹിബ്നു അംറ് (റ) പറയുന്നു. എന്നോട് നബി (സ്വ) പറഞ്ഞു. ഓരോ മാസത്തിലും ഖുർആൻ ഓതി തീർക്കുക. ഞാൻ പറഞ്ഞു. എനിക്ക് കൂടുതൽ ഓതാൻ കഴിയും. എങ്കിൽ 20 ദിവസത്തിൽ ഒരു തവണ നീ ഓതി തീർക്കുക. അപ്പോൾ ഞാൻ പറഞ്ഞു. എനിക്ക് കൂടുതൽ കഴിയും. എങ്കിൽ നീ എല്ലാ ആഴ്ചയിലും ഒരു തവണ ഓതുക. അബ്ദുല്ലാഹിബ്നു അംറ് (റ) റിപ്പോർട്ട് ചെയ്യുന്നു: നബി (സ്വ) പറഞ്ഞു. ഖുർആനിന്റെ കൂട്ടുകാരനോട്അന്ത്യനാളിൽ പറയപ്പെടും: ഭൗതിക ലോകത്ത് നീ ഖുർആൻ പാരായണം ചെയ്തത് പോലെ സാവകാശം പാരായണംചെയ്യുക. നിശ്ചയം നിനക്ക് ലഭിക്കുന്ന പദവി നീ ഓതുന്ന അവസാനത്തെ ആയത്തിന് സമീപത്തായിരിക്കും. നബി(സ്വ)പറഞ്ഞു. നിങ്ങളിൽ ഏറ്റവും ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്. അബൂ ഉമാമ (റ) റിപ്പോർട്ട് ചെയ്യുന്നു.

നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക, അത് അന്ത്യദിനത്തിൽ പാരായണം ചെയ്യുന്നവർക്ക് ശുപാർശ ചെയ്യുന്നതായിരിക്കും. സാലിം (റ) തന്റെ പിതാവിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു.'രണ്ടു കാര്യങ്ങളിൽ മുഴുകുന്നവർ അസൂയക്ക് അർഹരാണ്. ഒരാൾക്ക് അല്ലാഹു വിശുദ്ധ ഖുർആൻ നൽകി രാപ്പകലുകൾ അത് പാരായണം ചെയ്ത് അയാൾ നിസ്കരിക്കുന്നു. മറ്റൊരാൾക്ക് അല്ലാഹു സമ്പത്ത് നൽകി. രാപ്പകൽ വ്യത്യാസമില്ലാതെ (അല്ലാഹുവിന്റെ മാർഗത്തിൽ) അയാൾ അത് ചിലവഴിച്ചു കൊണ്ടിരിക്കുന്നു. അബൂ മൂസൽ അശ്അരി(റ) പറയുന്നു. നബി (സ്വ) പറഞ്ഞു. ഖുർആൻ ഓതുന്ന വിശ്വാസിയുടെ ഉപമ ഒരു മാതള നാരങ്ങ പോലെ യാണ്. അതിനു നല്ല രുചിയും മണവുമാണ്. ഖുർആൻ പാരായണം ചെയ്യാത്ത വിശ്വാസിയുടെ ഉപമ ഈത്തപ്പഴം പോലെയാണ്. അതിന് മണമില്ല, പക്ഷെ നല്ല രുചിയാണ്. ഖുർആൻ ഓതുന്ന കപട വിശ്വാസിയുടെ ഉപമ റൈഹാൻ പുഷ്പം പോലെയാണ്. അതിന് നല്ല സുഗന്ധമുണ്ടെങ്കിലും കയ്പ് രുചിയാണ്. ഖുർആൻ ഓതാത്ത കപട വിശ്വാസിയുടെ ഉപമ ആട്ടങ്ങക്കായ പോലെ യാണ്. അതിന് ഗന്ധമില്ലെന്ന് മാത്രമല്ല ശക്തമായ കയ്പ്പ് രുചി യുമാണ്. അബൂ മസ്ഊദ് (റ) തൊട്ട് റിപ്പോർട്ട് ചെയ്യുന്നു. ആരെങ്കി ലും ഖുർആനിൽ നിന്ന് ഒരക്ഷരം പാരായണം ചെയ്താൽ അവനൊരു പ്രതിഫലം ലഭിക്കുന്നതാണ്. ഒരക്ഷരത്തിന് അതിന്റെ പതിൻമടങ്ങ് പ്രതിഫലവും.(തിർമിദി).

## പാരായണത്തിന്റെ മധുരം

നല്ല മധുരമുള്ള ഒരു പാനീയം കുടിക്കുന്നത് പോലെയാണ് ഖുർആൻ പാരായണം. വചനങ്ങളുടെ അർത്ഥവും പൊരുളും ഉൾകൊണ്ടുള്ള പാരായണമാവുമ്പോൾ അതിന് കൂടുതൽ മധുരവും മാറ്റും കൂടും. കൂടുതൽ ആശയങ്ങളും, അർഥങ്ങളും, ആത്മീയ ഔന്നിത്യങ്ങളും, ലഭിക്കാ നും നമ്മുടെ ചിന്തകളെ ഉത്തേജിപ്പിക്കാനും, നല്ലതിലേക്ക് വഴി നടത്താ നും അർത്ഥം ചിന്തിച്ചുള്ള പാരായണം കാരണമാകുന്നു. മനസ്സിനെ ബാധിക്കുന്ന രോഗങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ട മരുന്നുകളിൽ ഒന്ന് അർത്ഥം ചിന്തിച്ചുള്ള ഖുർആൻ പാരായണമാണ് (അദ്കിയ).

ഖുർആൻ പാരായണം ചെയ്യുന്ന സ്ഥലങ്ങളിൽ മലക്കുകളുടെ സാനി ധ്യവും മറ്റ് ധാരാളം നന്മകളുടെയും അനുഗ്രഹങ്ങളുടെയും സൗരഭ്യ വും ഉണ്ടാകും. സ്വഹാബിയായ ഉസൈദ് ബ്നു ഹുളൈർ (റ) പറയുന്നു. ഞാൻ തന്റെ ധാന്യശേഖരം സൂക്ഷിക്കുന്ന സ്ഥലത്തുവെച്ച് പരിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിനിടയിൽ അതിനോട് ചേർന്നുള്ള ഒരു സ്ഥലത്ത് നിന്നിരുന്ന കുതിര എന്റെ പാരായണം കേട്ട് ചാടാൻ തുടങ്ങി.

പാരായണം നിർത്തിയതോടെ കുതിര ശാന്തനായി. വീണ്ടും തുടങ്ങിയപ്പോൾ അത് വീണ്ടും ചാടാൻ തുടങ്ങി. പാരായണം ചെയ്യുന്നതിനിടയിൽ കുതിരയുടെ സമീപത്തുള്ള തന്റെ മകന് വല്ലതും സംഭവിക്കുമോ എന്ന് ഭയന്ന് ഞാൻ പാരായണം നിർത്തി. കുതിരയുടെ അടുത്തേക്ക് ചെന്നു. അപ്പോൾ കണ്ട കാഴ്ച അത്ഭുതകരമായിരുന്നു. മുകളിലായി ദീപാലംകൃതമായ ഒരു വർണ്ണക്കുട തൂങ്ങി നിൽക്കുന്നത് കണ്ടു. ഖുർആൻ പാരായണം ചെയ്യുമ്പോൾ ആ വർണ്ണക്കുട താഴെ താഴ്ന്നു വരുന്നതായി അനുഭവപ്പെടുമ്പോഴാണ് കുതിര ചാടുന്നത് എന്ന് എനിക്ക് മനസ്സിലായി. ബാക്കി സംഭവം വിവരിച്ചു കൊണ്ട് നബി (സ്വ) ഇങ്ങനെ പ്രതികരിച്ചു. നിങ്ങളുടെ ഖുർആൻ പാരായണം ശ്രദ്ധിച്ചിരുന്ന മലക്കുകൾ ആയിരുന്നു അത്. നേരം പുലരും വരെ നിങ്ങൾ ഖുർആൻ പാരായണം തുടർന്നിരുന്നെങ്കിൽ ചുറ്റും കൂടിയ മനുഷ്യർക്കും അവരെ കാണാമായിരുന്നു. ജനങ്ങളിൽ നിന്ന് അവർ അകലുമായിരുന്നില്ല. (ബുഖാരി, മുസ്‌ലിം)

ഖുർആൻ സ്വയം പാരായണം ചെയ്യുകയും കേൾക്കുകയും ചെയ്യുന്നത് പോലെ ഓതി കേൾപ്പിക്കലും പുണ്യകരമാണ്. നബി (സ്വ) ക്ക് ജിബ്‌രീൽ ഖുർആൻ ഓതി കേൾപിച്ച് കൊടുക്കാറുണ്ടായിരുന്നു, തിരിച്ചും. അനസ് (റ) പറയുന്നു. നബി (സ്വ) എന്നോട് പറഞ്ഞു. നിങ്ങൾ എനിക്ക് ഖുർആൻ ഓതി തരണം എന്ന് അല്ലാഹു കൽപിച്ചിരിക്കുന്നു. അല്ലാഹു എന്നെ പേരെടുത്തു പറഞ്ഞോ എന്ന് ചോദിച്ച് സന്തോഷം കൊണ്ട് ഞാൻ കരഞ്ഞു പോയി (മുസ്‌ലിം). അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നോട് നബി (സ്വ) പറഞ്ഞു. എനിക്ക് ഖുർആൻ ഓതി തരുക. ഇബ്ന് മസ്ഊദ് തിരിച്ച് ചോദിച്ചു: ഖുർആൻ അവതരിച്ചത് അങ്ങേക്ക് ആണല്ലോ? പിന്നെ അങ്ങേക്ക് ഞാൻ എന്തിനു ഓതിത്തരണം? നബി (സ്വ) പറഞ്ഞു. അങ്ങനെയാണെങ്കിലും മറ്റുള്ളവരിൽ നിന്ന് കേൾക്കുന്നത് എനിക്കിഷ്ടമാണ്. സൂറത്തുന്നിസാഅ് ആദ്യം മുതൽ നാൽപത്തിയൊന്നാം സൂക്തം വരെ അവർ ഓതിക്കൊടുത്തു. 'സാക്ഷികളെ കൊണ്ടുവരുന്ന കൂട്ടത്തിൽ ഈ സമുദായത്തിലെ സാക്ഷിയായി താങ്കളെ കൊണ്ടു വന്നാൽ എങ്ങനെയിരിക്കും? എന്ന നാൽപത്തിയൊന്നാം സൂക്തം ഓതിയപ്പോൾ നബി (സ്വ) കരഞ്ഞു. (ബുഖാരി, മുസ്‌ലിം)

## ആശയം ചിന്തിച്ചുള്ള പാരായണം

ഖുർആനിന്റെ ആശയ തലങ്ങളിലേക്ക് ആഴ്ന്നിറങ്ങി ഭക്തിയാദരവോടെയുള്ള പാതിരാ സമയത്തെ നിസ്കാരം വിശ്വാസിയുടെ അല്ലാഹുവിലേക്കുള്ള പ്രയാണമാണ്. അല്ലാഹുവിലും അന്ത്യനാളിലുമുള്ള അചഞ്ചലമായ വിശ്വാസമാണ് അവന് ഇത്രമേൽ സന്തോഷം നൽകുന്നത്. ഖുർആനിന്റെ

പ്രതിപാദനം മനുഷ്യനാ യതു കൊണ്ട് മനുഷ്യ ചിന്തകളെ തൊട്ടുണർത്തുന്ന ദൃഷ്ടാന്തങ്ങളും, അന്ത്യനാളിലെ അനിർവചനീയമായ അനുഗ്രഹങ്ങളും, ഭയാനതകളും, ചിന്തിച്ച് വിങ്ങിപ്പൊട്ടുന്ന മനസുമായി ഖുർആൻ പാരാ യണം ചെയ്ത് നിസ്കരിക്കുന്നവന്റെ വിശ്വാസത്തിന് കൂടുതൽ കരുത്ത് പകരാൻ ഖുർആനിനു കഴിയും. അർത്ഥം ചിന്തിച്ചുള്ള പാരായണം ഹൃദയ ശുദ്ധീകരണത്തിനുള്ള മാർഗമാണ്. മനസിനെ ദുഷിപ്പി ക്കുന്ന മാലിന്യങ്ങളെ കഴുകിക്കളയാനതിന് കഴിയും. അർത്ഥം ചിന്തിച്ചുള്ള ഖുർആൻ പാരായണം, വിശന്നൊട്ടിയ വയറ്, രാത്രിയി ലുള്ള നിസ്കാരം, ഉറക്കിളച്ചുള്ള ആരാധന, സച്ചരിതരോടൊപ്പമുള്ള സഹവാസം എന്നീ അഞ്ച് കാര്യങ്ങൾ ഹൃദയ സംസ്കരണത്തിനുള്ള മാർഗങ്ങളാണെന്നാണ് അദ്കിയ നമ്മെ ഓർമപ്പെടുത്തുന്നത്.

وَدَوَاءُ قَلْبٍ خَمْسَةٌفَتِلَاوَةٌ
بِتَدَبُّرِالْمَعْنَى وَلِلْبَطْنِ الْخَلَا

وَقِيَامُ لَيْلٍ وَالتَّضَرُّعُ بِالسَّحَر
وَمُجَالَسَاتُ الصَّالِحِينَ الفُضَّلَا

## ഖത്മ് (ختم)

ഖുർആൻ ആദ്യം മുതൽ അവസാനം വരെ ക്രമം തെറ്റാതെ ഓതി തീർക്കുന്നതിനാണ് ഖത്മ് എന്ന് വിളിക്കാറ്. വർഷത്തിലൊരി ക്കലെങ്കിലും ഖത്മ് തീർക്കൽ വിശ്വാസിയുടെ ബാധ്യതയാണ്. 'മുറപ്രകാരം ഓതുന്നവരാണ് അവർ.'(അൽ ബഖറ). മുറപ്രകാര മുള്ള പാരായണത്തിന്റ ഭാഗമാണ് ഖുർആൻ മുഴുവനായും ഓതൽ. ഒരു വിശ്വാസി മാസത്തിലൊരിക്കൽ, അല്ലെങ്കിൽ മൂന്ന് മാസത്തി ലൊരിക്കൽ അതുമല്ലെങ്കിൽ ആറു മാസത്തിലൊരിക്കലെങ്കിലും ഒരു ഖത്മ് പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണ്. ഇമാം ശാഫി (റ) സാധാരണ ദിവസേന ഒരു ഖത്മും റമളാനിൽ രണ്ട് ഖത്മും ഓതാറുണ്ടായിരുന്നു. മൂന്നാം ഖലീഫ ഉസ്മാൻ (റ) ഖുർആൻ ഓതി കൊണ്ടിരിക്കെ രക്തസാക്ഷിയായ ചരിത്രം ചിന്തനീയമാണ്.

## നിസ്കാരവും ഖുർആനും

ഇസ്‌ലാമിലെ ഓരോ ആരാധന കർമ്മത്തിനും ഖുർആനു മായി അഭേദ്യ ബന്ധമുണ്ട്, പ്രത്യേകിച്ച്നിസ്കാരത്തിന്.മയ്യിത്ത് നിസ്കാര മടക്കം നിർബന്ധവും സുന്നത്തു മായ ഏതൊരു നിസ്കാരത്തിലും

ഖുർആൻ പാരായണം ഒരു പ്രധാന ഘടകമാണ്. സൂറത്തുൽ ഫാത്തിഹ എല്ലാ നിസ്കാരത്തിലും നിർബന്ധമായും പാരായണം ചെയ്യേണ്ടതാണ്. ബുദ്ധിയും ശുദ്ധിയുമുള്ള ഏതൊരു വിശ്വാസിയും ദിവസത്തിൽ അഞ്ചു നേരം 17 പ്രാവശ്യം ഫാത്തിഹ ഓതാൻ ബാധ്യസ്ഥനാണ്. അതാണ് നിസ്കാരത്താൽ നിർവ്വഹിക്കപ്പെടുന്നത്. ഫാത്തിഹക്ക് ശേഷം ഏതെങ്കിലും ഒരു സൂറത്ത് ഓതലും സുന്നത്തുണ്ട്. മുഴുവനായും അറിയി ല്ലെങ്കിൽ അൽപമെങ്കിലും ഏതെങ്കിലും ഒരു സൂറത്തിൽ നിന്ന് ഓതി യാലും മതി. വലിയ സൂറത്തുകളിൽ നിന്ന് അൽപം ഓതുന്നതിനെക്കാൾ ചെറിയ സൂറത്ത് പൂർണ്ണമായി ഓതലാണ് നല്ലത്. കൂടുതൽ പുണ്യം ആഗ്രഹിക്കുന്നവർക്ക് ഓരോ നിസ്കാരങ്ങളിലും ഫാത്തിഹക്ക് പുറമേ പ്രത്യേകം നിർദ്ദേശിക്കപ്പെട്ട സുന്നത്തായ സൂറത്തുകളുണ്ട്.

| നിസ്കാരം | സൂറത്തുകൾ | |
|---|---|---|
| വെള്ളി സുബഹി | സൂറത്തു സജദ | സൂറത്തുൽ ഇൻസാൻ |
| വെള്ളി ജുമുഅ | സൂറത്തുൽ ജുമുഅ/<br>സൂറത്തുൽ അഅല | സൂറത്തുൽ മുനാഫിഖൂൻ/<br>സൂറത്തുൽ ഗ്വാശിയ |
| വെള്ളി ഇശാഅ് | സൂറത്തുൽ അഅല | സൂറത്തുൽ ഗ്വാശിയ |
| വെള്ളി മഗ്‌രിബ് | സൂറത്തുൽ കാഫിറൂൻ | സൂറത്തുൽ ഇഖ്‌ലാസ് |
| സുബ്ഹിയുടെ സുന്നത്ത് | സൂറത്തുൽ കാഫിറൂൻ<br>അലം നശ്റഹ് | സൂറത്തുൽ ഇഖ്‌ലാസ്<br>സൂറത്തുൽ ഫീൽ |
| തവാഫിന്റെ സുന്നത്ത് | സൂറത്തുൽ കാഫിറൂൻ | സൂറത്തുൽ ഇഖ്‌ലാസ് |
| യാത്രയുടെ സുന്നത്ത് | സൂറത്തുൽ കാഫിറൂൻ | സൂറത്തുൽ ഇഖ്‌ലാസ് |

## പതിവാക്കേണ്ട സൂറത്തുകളും സൂക്തങ്ങളും

സൂറത്തുൽ ഫാതിഹ വിശുദ്ധ ഖുർആനിലെ പ്രഥമ സൂറത്തായ ഫാത്തിഹയുടെ മഹത്വങ്ങൾ എണ്ണമറ്റതാണ്. ദിനേനെ അഞ്ചു നേരങ്ങളിലെ നിസ്കാരങ്ങളിൽ നിർബന്ധമായും ഇത് പാരായണം ചെയ്തിരിക്കണമെന്ന നിബന്ധന തന്നെ 7 ആയത്തുള്ള ഈ സൂറത്തിന്റെ പ്രാധാന്യത്തെയറിയിക്കുന്നുണ്ട്. ഫാതിഹതുൽ കിത്താബ്, ഉമ്മുൽ ഖുർആൻ, സൂറത്തു ശിഫാഅ്, അർറുഖ്‌യ്യ തുടങ്ങിയ വിവിധ പേരു കളിൽ ഈ അദ്ധ്യായം അറിയപ്പെടുന്നു. അബൂസഈദ് (റ) പറയുന്നു. നബി (സ്വ) എന്നോട് പറഞ്ഞു. നിങ്ങൾ പള്ളിയിൽ നിന്ന് പുറത്തു പോകു ന്നതിന് മുമ്പ് ഖുർആനിലെ ഏറ്റവും മഹത്വമേറിയ അധ്യായം ഞാൻ പഠിപ്പിച്ച് തരാം. ശേഷം അവിടുന്ന് എന്റെ കരങ്ങൾ പിടിച്ച് പള്ളിയിൽ നിന്നും പുറത്തേക്കിറങ്ങാൻ ഉദ്ദേശിച്ചപ്പോൾ ഞാൻ ചോദിച്ചു. ഖുർആനി ലെ ഏറ്റവും മഹത്വമുള്ള സൂറത്ത് എനിക്ക് പഠിപ്പിച്ചു തരാം എന്ന് അങ്ങ് പറഞ്ഞിരുന്നല്ലോ. അപ്പോൾ അവിടുന്ന് പറഞ്ഞു. അതെ, അത്

അല്ലാഹു എനിക്ക് നൽകിയ ഹംദിന്റെ വചനം ഉൾക്കൊള്ളുന്ന സബ്ഹുൽ മസാനീ എന്ന് പേരുള്ള ഫാത്തിഹ സൂറത്താകുന്നു. (ബുഖാരി). സൂറത്തുൽ ഫാത്തിഹക്ക് തുല്യമായത് തൗറാത്തിലോ ഇഞ്ചീലിലോ സബൂറിലോ ഖുർആനിൽ തന്നെയോ അല്ലാഹു ഇറക്കിയിട്ടില്ല.(തുർമുദി).

## സൂറത്തു യാസീൻ

ഖുർആനിന്റെ ഹൃദയ ഭാഗമെന്നറിയപ്പെടുന്ന സൂറത്താണ് 36ാം അധ്യായമായ സൂറത്ത് യാസീൻ. അനസ് (റ) നിവേദനം: നബി(സ്വ) തങ്ങൾ പറയുന്നു: "ഏതൊരു വസ്തുവിനും ഹൃദയമുണ്ട്. ഖുർആന്റെ ഹൃദയം യാസീൻ ആകുന്നു (തിർമദി). ശരീരത്തിന്റെ പ്രധാന ഭാഗമാണ് ഹൃദയമെന്നതു പോലെ ഖുർആന്റെ പരമപ്രധാന ഭാഗമാണ് 83 സൂക്തങ്ങളുള്ള ഈ അധ്യായം. അബൂ ഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു. തിരുനബി (സ്വ) പറഞ്ഞു: ഒരാൾ ഒരു രാത്രിയിൽ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചു സൂറത്ത് യാസീൻ പാരായണം ചെയ്താൽ അവന്റെ ആ രാത്രിയിലെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അബുദ്ദർദാഅ് (റ) പറയുന്നു. നബി (സ്വ) പറഞ്ഞു: മരണമാസന്നമായവന്റെ അടുത്തു വെച്ച് സൂറത്ത് യാസീൻ പാരായണം ചെയ്യപ്പെട്ടാൽ അവന് മരണം എളുപ്പമാകുന്നതാണ്.

## അൽ മുൽക്

സൂറത്തുൽ മുൽക്, തബാറക, മുൻജിയ, വാഖിയ തുടങ്ങിയ വിവിധ പേരുകൾ ഈ സൂറത്തിനുണ്ട്. ഈ സൂറത്ത് പതിവാക്കുന്നവർക്ക് ഖബ്റ്, ഹിസാബ്, സിറാത്ത് എന്നിവയിൽ നിന്ന് രക്ഷ കിട്ടി സ്വർഗ പ്രവേശം സുനിശ്ചിതമാണ്. നിശ്ചയം ഖുർആനിലെ 30 ആയത്തുകളുള്ള തബാറക എന്ന സൂറത്തു ണ്ട്. അത് പതിവാക്കുന്നവന്റെ പാപങ്ങൾ പൊറുക്കുന്നത് വരെ ശിപാർശ ചെയ്യുന്നതാണ്. (ഹദീസ്) തബാറക എന്ന സൂറത്ത് അതിനെ പതിവാ ക്കുന്നവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതിന് വേണ്ടി അല്ലാഹു വിനോട് തർക്കിക്കുന്നതാണ്. (ഹദീസ്)

## അൽ വാഖിഅ

തിരുനബി (സ്വ) പറഞ്ഞു: എല്ലാ രാത്രികളിലും സൂറത്തുൽ വാഖിഅ ഒരാൾ പതിവാക്കിയാൽ അവനൊരിക്കലും ദാരിദ്ര്യം പിടിപെടുകയില്ല. അത് കൊണ്ട് ഞാനെന്റെ പെൺമക്കളോട് വാഖിഅ സൂറത്ത് പതിവാ ക്കാൻ കൽപിക്കുമായിരുന്നു. നിങ്ങളിലാരും സൂറത്തുൽ വാഖിഅ പാരായണം ചെയ്യുന്നതിന് അലസത കാണിക്കരുത് എന്ന് ആയിശ (റ) സ്ത്രീകളോട് ഉപദേശം നൽകിയതായി കാണാം.

### അൽ കഹ്ഫ്

വെള്ളിയാഴ്ചകളിൽ പാരായണം ചെയ്യൽ പ്രത്യേകം സുന്നത്തുള്ള സൂറത്താണ് സൂറത്തുൽ കഹ്ഫ്. തിരുനബി (സ്വ) പറയുന്നു: ഒരാൾ സൂറത്തുൽ കഹ്ഫിന്റെ ആദ്യത്തെ പത്ത് ആയത്തുകൾ മനഃപാഠ മാക്കിയാൽ ദാജ്ജാലിന്റെ ഫിത്നയിൽ നിന്ന് അവൻ സുരക്ഷിതനാകും. നബി (സ്വ) പറഞ്ഞു: ഒരാൾ വെള്ളിയാഴ്ച ദിവസങ്ങളിൽ സൂറത്തുൽ കഹ്ഫ് ഓതിയാൽ രണ്ട് ജുമുഅകൾക്കിടയിൽ അവന്റെ മേൽ പ്രകാശം ചൊരിക്കപ്പെടും.

### ഇഖ്ലാസ്, മുഅവ്വിദതൈൻ

സൂറത്തുൽ ഇഖ്ലാസും മുഅവ്വിദതൈനിയും വളരെ മഹത്വമേറിയ സൂറത്തുകളാണ്. അവയുടെ ശ്രേഷ്ഠത വിവരിക്കുന്ന ധാരാളം നബി വചനങ്ങൾ നമുക്ക് കാണാനാകും. പൈശാചിക ബാധകളിൽ നിന്നും സർവ്വ പ്രതിബന്ധങ്ങളിൽ നിന്നുമുള്ള രക്ഷക്ക് ഇവ പതിവാക്കുന്നത് വളരെ ഫലപ്രദമാണ്. അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു. തിരുനബി (സ്വ) ചോദിക്കുന്നു. നിങ്ങളാരെങ്കിലും ഒരു രാത്രി കൊണ്ട് ഖുർആനിന്റെ മൂന്നിലൊരു ഭാഗം പാരായണം ചെയ്യാൻ അശക്തരാണോ? സ്വഹാബികൾ ചോദിച്ചു: ഒരു രാത്രി കൊണ്ട് എങ്ങനെയാണ് ഖുർആനിന്റെ മൂന്നിലൊരു ഭാഗം ഓതി ത്തീർക്കാനാകുക? തിരുനബി (സ്വ) പറഞ്ഞു, സൂറത്തുൽ ഇഖ്ലാസ് ഖുർആനിന്റെ മൂന്നിലൊരു ഭാഗത്തിന് സമാനമാണ്. തിരുനബി (സ്വ) പറയുന്നു: ഒരാൾ സൂറത്തുൽ ഇഖ്ലാസ് പത്ത് തവണ ഓതിയാൽ അയാൾക്ക് സ്വർഗത്തിൽ ഒരു കൊട്ടാരം പണിയുന്നതാണ്. (ഹദീസ്)
പ്രഭാതത്തിലും പ്രദോഷത്തിലും നീ സൂറത്തുൽ ഇഖ്ലാസ്, മുഅവ്വിദതൈനി മൂന്ന് പ്രാവശ്യം ഓതിയാൽ എല്ലാ പ്രയാസങ്ങളിലും നിനക്കത് സുരക്ഷാ കവചമായിരിക്കും. (ഹദീസ്)

### ആയത്തുൽ കുർസിയ്യ്

എല്ലാ നിസ്കാര ശേഷവും ഉറങ്ങാൻ കിടക്കുമ്പോഴും പതിവാക്കൽ പ്രത്യേകം ശ്രേഷ്ഠതയുള്ള ആയത്താണത്. നബി (സ്വ) പറയുന്നു: ഒരാൾ ഫർള് നിസ്കാരങ്ങൾക്ക് ശേഷം ആയത്തുൽ കുർസിയ്യ് പതിവാക്കിയാൽ അവന്റെ സ്വർഗ പ്രവേശത്തിന് മരണമല്ലാതെ മറ്റൊന്നും തടസമില്ല. അബൂഹുറൈറ (റ) യോട് തിരുനബി (സ്വ) യുടെ ഉപദേശം ഇങ്ങനെ വായിക്കാം: നിങ്ങൾ ഉറങ്ങാൻ വിരിപ്പിലേക്ക് ചെന്നാൽ ആയത്തുൽ കുർസിയ്യ് പാരായണം ചെയ്യുക. എന്നാൽ

അത് നിങ്ങളുടെ സംരക്ഷകനായി കൂടെയുണ്ടാകും. പ്രഭാതം വരെ പിശാച് നിങ്ങളോട് അടുക്കുകകയില്ല.

## ഖുർആൻ അമാനുഷികം

തിരുനബി (സ) യുടെ ഏറ്റവും ശ്രേഷ്ഠമായ മുഅ്ജിസത്തായ ഖുർആൻ മനുഷ്യനാൽ നിർമ്മിക്കപ്പെട്ട ഒന്നല്ല. ഇത് പോലെയുള്ള ഒന്ന് കൊണ്ടുവരാൻ മനുഷ്യന് അസാധ്യമാണ്. അല്ലാഹു പറയുന്നു: (നബിയെ തങ്ങൾ) പറയുക, ഈ ഖുർആൻ പോലോത്ത ഒന്ന് കൊണ്ട് വരാൻ മനുഷ്യരും ജിന്നുകളും ഒരുമിച്ച് കൂടിയാലും തീർച്ച അവർക്കതിന് കഴിയില്ല. അവർ പരസ്പരം സഹായിച്ചാൽ തന്നെയും (ഇസ്റാഅ്: 88) ഒരു ചെറിയ സൂറത്തിന് സമാനമായതെങ്കിലും കൊണ്ട് വരാമോ എന്ന ഖുർആനിന്റെ അവതരണം മുതൽ ശത്രുക്കളോടുള്ള വെല്ലുവിളി ഇന്നും ഏറ്റെടുക്കാനാളില്ലാതെ നില നിൽക്കുകയാണ്. അല്ലാഹു പറയുന്നു: നമ്മുടെ അടിമക്ക് (പ്രവാചകർക്ക്) നാം ഇറക്കിയതിൽ നിങ്ങൾ സംശയിക്കുന്നു എങ്കിൽ ഇതിൽ നിന്ന് ഒരു സൂറത്തിന് സമാനമായതെങ്കിലും നിങ്ങൾ കൊണ്ട് വരിക. (അൽ ബഖറ)

## ഖുർആൻ സംരക്ഷണം

പൂർവ്വ ഗ്രന്ഥങ്ങൾ മനുഷ്യരുടെ കൈക്രിയകൾക്ക് വിധേയമാക്കപ്പെടുകയും അതിലെ സത്യവും അസത്യവും കൂട്ടിക്കുഴക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ അന്ത്യനാൾ വരെയുള്ള ജനങ്ങൾക്ക് മാർഗരേഖയും അവസാന ഗ്രന്ഥവുമായ ഖുർആനിന്റെ സംരക്ഷണം അല്ലാഹു തന്നെ നിർവ്വഹിക്കും എന്ന് പ്രഖ്യാപിച്ചു. 'നിശ്ചയം നാമാണ് ഖുർആൻ അവതരിപ്പിച്ചത്. നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും.' (സൂറത്തുൽ ഹിജ്ർ: 9) അസത്യത്തിൽ യോജിച്ച് വരാൻ സാധ്യതയില്ലാത്തത്ര ആളുകൾ തലമുറയായി അത് കൈമാറി വന്നു. നബി (സ) യുടെ കാലത്ത് വ്യക്തമായ ഒരു ക്രോഡീകരണം ഖുർആനിന് നിലവിലില്ലായിരുന്നു. ഒന്നിച്ച് ഒരു ഗ്രന്ഥമായി ഖുർആൻ ലഭ്യമല്ലായിരുന്നു; എങ്കിലും ദിവ്യസന്ദേശവുമായി ജിബ്‌രീൽ (അ) വന്നാലുടൻ അവ കൃത്യമായി രേഖപ്പെടുത്തി വെക്കുന്നതിന് വേണ്ടി നബി (സ) അബൂബക്കർ (റ), ഉമർ (റ), ഉസ്മാൻ (റ), അലി (റ), ഉബയ്യുബ്നു കഅ്ബ്(റ), സൈദ് ബിൻ സാബിത്(റ), സാബിത് ബ്നു ഖൈസ് (റ) തുടങ്ങിയ പ്രത്യേകം ചില ആളുകളെ ചുമതലപ്പെടുത്തുകയും അതനുസരിച്ചു ഒരു വള്ളി പുള്ളിക്ക് വ്യത്യാസമില്ലാതെ അവരത് രേഖപ്പെടുത്തി വെക്കുകയും ചെയ്തിരുന്നു. സാഹചര്യങ്ങൾ

ക്കനുസരിച്ച് ഘട്ടങ്ങളായി അവതരിച്ചു കൊണ്ടിരിക്കുന്ന കാലമായ തിനാൽ ആദ്യാവസാനം ഇന്ന് നിലവിലുള്ള ക്രമത്തിൽ ഒറ്റപ്രതി യായി ഖുർആൻ രേഖപ്പെടുത്തപ്പെട്ടിരുന്നില്ല മറിച്ച്, ഓരോ സന്ദർഭത്തിലും അവതരിക്കുന്ന ആയത്തുകൾ നബി (സ്വ) അവർക്ക് പറഞ്ഞു കൊടുക്കുകയും ഏതു സൂറത്തിൽ ഏതു ഭാഗത്ത് എഴുതണ മെന്ന് വിശദീകരിച്ചു കൊടുക്കുകയും ചെയ്യും. അതനുസരിച്ച് അവരത് രേഖപ്പെടുത്തും. ഇങ്ങനെ രേഖപ്പെടുത്തിയ ഖുർആൻ നബി (സ്വ) യുടെ കൽപന പ്രകാരം അവർ സൂക്ഷിച്ചു. ഖുർആനിന്റെ ആ എഴുത്ത് പ്രതിപൂർത്തിയാകുന്നത് നബി(സ്വ)യുടെ വഫാത്തോടു കൂടിയായിരുന്നു. അബൂബക്കർ സിദ്ദീഖ് (റ) വിന്റെ ഖിലാഫത് കാലത്ത് മുസൈലിമത്തുൽ കദ്ദാബിനെതിരെ നടന്ന യമാമഃ യുദ്ധത്തിൽ ഖാരിഉകളും ഹാഫിളുകളുമായ നിരവധി പേര് രക്തസാക്ഷിക ളായി. ഖുർആൻ നഷ്ടപ്പെടുമോ എന്ന ഭയത്താൽ വിശുദ്ധ ഖുർആൻ പൂർണ്ണ മായും ഒരുമിച്ചു കൂട്ടി സംരക്ഷിക്കേണ്ടത് ആവശ്യകതയാണെന്ന് അഭിപ്രായമുയർന്നു. അങ്ങനെ അബുബക്കർ സിദ്ധീഖ് (റ) വിന്റെ നിർദ്ദേശപ്രകാരം വിശുദ്ധ ഖുർആൻ പൂർണമായും ഒരു മുസ്ഹഫി ലേക്ക് ഒരുമിച്ചുകൂട്ടാൻ വേണ്ടി സൈദു ഇബ്നു സാബിത്(റ)വിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കപ്പെടുകയും എഴുതി സൂക്ഷിക്കപെട്ട മുഴുവൻ ഏടുകളും ശേഖരിക്കപെടുകയും ചെയ്തു. ഈ ഏടുകൾ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സമിതി സൂക്ഷ്മമായി പരിശോധിക്കുകയും മന:പാഠം ആക്കിയവരുമായി ഒത്ത് നോക്കുകയും ചെയ്ത് ഒരൊറ്റ സൂക്തം പോലും വിട്ടു പോയിട്ടില്ലെന്നും ഒരു തെറ്റ് പോലും കടന്നു കൂടിയിട്ടില്ലെന്നും ഉറപ്പുവരുത്തി. ശേഷം മുഴുവൻ ഏടുകളും ഒരൊറ്റ ഗ്രന്ഥമായി ക്രോഡീകരിച്ച് ആ പതിപ്പ് ഖലീഫയ്ക്ക് കൈമാറി.

## റമളാൻ വ്രതം

മാസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ മാസം റമളാൻ മാസമാണ്. റമളാനിൽ ആണ് വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ടത്. ഈ മാസത്തിൽ നോമ്പനു ഷ്ഠിക്കൽ ഇസ്‌ലാമിന്റെ അഞ്ച് നിർബന്ധ കാര്യങ്ങളിൽ ഒന്നാണ്. പ്രായപൂർത്തിയും ബുദ്ധിയും ശാരീരികമായി നോമ്പ് നോൽക്കാൻ കഴിവുമുള്ള, ആർത്തവ രക്തം, പ്രസവ രക്തം എന്നീ അശുദ്ധികളിൽ നിന്ന് ശുദ്ധിയായ എല്ലാ മുസ്‌ലിമിനും നോമ്പ് നിർബന്ധമാണ്. അല്ലാഹു പറഞ്ഞു: 'സത്യവിശ്വാസികളേ നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും തിട്ടപ്പെടുത്തിയ ദിവസങ്ങളിൽ നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തഖ്‌വയുള്ളവരാകാൻ വേണ്ടിയത്രെ അത്.'അബ്ദുറഹിമാനുബ്നു ഔഫ് (റ)

വിൽ നിന്ന്: നബി (സ്വ) പറഞ്ഞു. റമളാൻ മാസത്തിലെ നോമ്പ് നിങ്ങൾക്ക് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. അതിലെ (തറാവീഹ്) നിസ്കാരം നിങ്ങൾക്ക് സുന്നത്താക്കുകയും ചെയ്തിരിക്കുന്നു. വിശ്വാസത്തോടെയും പ്രതിഫലം ആഗ്രഹിച്ചും നോമ്പനുഷ്ഠിക്കുകയോ നിസ്കരിക്കുകയോ ചെയ്താൽ തന്റെ മാതാവ് പ്രസവിച്ച ദിവസത്തെ പോലെ അവൻ പാപങ്ങളിൽ നിന്ന് മുക്തനാകും (ഇബ്നുമാജ). അബൂ ഹുറൈറ (റ) ഉദ്ധരിക്കുന്നു: നിങ്ങളുടെ റബ്ബ് പറയുന്നു. എല്ലാ നന്മക്കും പത്തിരട്ടി മുതൽ എഴുന്നൂറ് ഇരട്ടിവരെ പ്രതിഫലമാകുന്നു. നോമ്പ് ഒഴികെ. നോമ്പ് എനിക്കുള്ളതാണ്. അതിനുള്ള പ്രതിഫലം ഞാൻ നൽകും. വ്രതം നരകത്തെ തടുക്കുന്ന പരിചയാണ്. നോമ്പുകാരന്റെ വായയുടെ വാസന കസ്തൂരിയേക്കാൾ വാസനയുള്ളതാകും. നിങ്ങൾ നോമ്പുകാരനായിരിക്കെ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ ഞാൻ നോമ്പ്കാരനാണെന്ന് പറയണം, നോമ്പുകാരനു രണ്ട് സന്തോഷമാണ്. ഒന്ന് നോമ്പ് തുറക്കുമ്പോൾ, മറ്റൊന്ന് റബ്ബിനെ കണ്ടുമുട്ടുമ്പോൾ. (തുർമുദി) നോമ്പുകാരന്റെ ഉറക്കം ആരാധനയും മൗനം തസ്ബീഹുമാണ്. ആരാധനയുടെ പ്രതിഫലം ഇരട്ടിയാക്കപ്പെടുകയും പ്രാർത്ഥനകൾക്ക് ഉത്തരം നൽകപ്പെടും, പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യും.

## മാസം കാണൽ

റമളാൻ നോമ്പ് നോൽക്കാൻ മാസം കാണുകയോ ശഅബാൻ 30 പൂർത്തിയാകുകയോ ചെയ്യണം. ഒരാൾ ഒരു നാട്ടിൽ മാസം കണ്ടാൽ ആയാളും അയാളെ വിശ്വസിക്കുന്നവർക്കും നോമ്പ് പിടിക്കാം. അല്ലങ്കിൽ ഖാളി റമളാൻ ആയി വിധിക്കണം. മാസം കണ്ടാൽ താഴെ പറയുന്ന ദിക്ർ ചൊല്ലൽ സുന്നത്താണ്.

اللهُ أَكْبَرْ، اللَّهُمَّ أَهِلَّهُ عَلَيْنَا بِالأَمْنِ وَالإِيمَانِ وَالسَّلاَمَةِ وَالإِسْلاَمِ ، رَبِّي وَرَبُّكَ اللهُ هِلاَلُ رُشْدٍ وَخَيْرٍ

## നോമ്പിന്റെ നിബന്ധനകൾ

നോമ്പ് സ്വീകാര്യമാകുന്നതിന് നാല് നിബന്ധനകളുണ്ട്.

1) ഇസ്ലാം: നോമ്പ് നോൽക്കുന്ന വ്യക്തി മുസ്‌ലിമായിരിക്കണം. മറ്റ് കർമങ്ങളെപ്പോലെത്തന്നെ മുസ്‌ലിമല്ലാത്ത ഒരാളിൽ നിന്ന് നോമ്പും സ്വീകാര്യമാകുകയില്ല.

2) ആർത്തവ രക്തം, പ്രസവ രക്തം എന്നീ അശുദ്ധികളിൽ നിന്ന് ശുദ്ധിയായിരിക്കുക. ഇവ രണ്ടും ഉള്ള സമയത്ത് സ്ത്രീകൾ നോമ്പ്

എടുക്കൽ നിഷിദ്ധമാണ്. എന്നാൽ ഇവയിൽ നിന്ന് ശുദ്ധിയായാൽ നഷ്ടപ്പെട്ട നോമ്പുകൾ അവർ എടുത്തു വീട്ടേണ്ടതാണ്.

3) നോമ്പിന്റെ മുഴുസമയവും ബുദ്ധി നീങ്ങാതിരിക്കുക.

4) നോമ്പിന്റെ മുഴുസമയവും അതിന്റെ സാധുതക്ക് വിഘ്നാതമാകുന്ന ഭ്രാന്ത്, മതഭ്രഷ്ട്, അശുദ്ധി തുടങ്ങിയ കാര്യങ്ങൾ ഇല്ലാതിരിക്കുക. ഉറക്കം കൊണ്ട് നോമ്പ് മുറിയുകയില്ല.

## നോമ്പിന്റെ ഫർളുകൾ

നോമ്പിന് രണ്ട് ഫർളുകൾ ആണ്.

1) നിയ്യത്ത്: ഓരോ നോമ്പിനും ആ ദിവസത്തിന്റെ രാത്രി പ്രഭാതത്തിന് മുമ്പായി നിയ്യത്ത് ചെയ്യൽ നിർബന്ധമാണ്. നോമ്പ് ഏതാണെന്ന് നിജപ്പെടുത്തണം (റമളാൻ, നേർച്ച, പ്രായശ്ചിത്തം) സുന്നത്ത് നോമ്പിന് ഉച്ചക്ക് മുമ്പ് നിയ്യത്ത് വെച്ചാൽ മതിയാകും. ഫജ്ർ മുതൽ നോമ്പ് മുറിയുന്ന കാര്യങ്ങൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കണം. നിയ്യത്തിന് ശേഷം പ്രഭാതത്തിന് മുമ്പായി നോമ്പ് മുറിയുന്ന കാര്യങ്ങൾ ചെയ്യുന്നത് നോമ്പിനേയോ നിയ്യത്തിനേയോ ബാധിക്കുകയില്ല.

നിയ്യത്ത് ചെയ്യേണ്ട രൂപം

نَوَيْتُ صَوْمَ غَدٍ أَنْ أَدَاءِ فَرْضِ رَمَضَانِ هَذِهِ السَّنَةِ للهِ تَعَالَى

2) നോമ്പ് മുറിയുന്ന കാര്യങ്ങൾ ഉപേക്ഷിക്കൽ : നോമ്പുകാരൻ പ്രഭാതം മുതൽ പ്രദോഷം വരെ നോമ്പ് മുറിയുന്ന കാര്യങ്ങളെ തൊട്ട് സൂക്ഷിക്കൽ നിർബന്ധമാണ്.

## നോമ്പിന്റെ സുന്നത്തുകൾ

1. രാത്രിയുടെ അവസാനത്തെ പകുതിയിൽ അത്താഴം കഴിക്കുക. (അത്താഴത്തിൽ ബറക്കത്തുണ്ട് - ഹദീസ്)
2. രാത്രിയിൽ ഖുർആനിൽ നിന്ന് അൻപത് ആയത്ത് ഓതാനുള്ള സമയം വരെ അത്താഴത്തെ പിന്തിപ്പിക്കുക.
3. ഫജ്റിന് മുമ്പ് വലിയ അശുദ്ധിക്കാരൻ കുളിക്കുക.
4. അത്താഴ സമയത്ത് സുഗന്ധം പൂശുക.
5. പകൽ സമയത്ത് സുഗന്ധം പൂശൽ, സുറുമ ഇടൽ പോലെയുള്ളത് ഒഴിവാക്കുക.
6. നിഷിദ്ധമായ മുഴുവൻ കാര്യങ്ങളെ തൊട്ടും ശരീരത്തെ തടഞ്ഞു വെക്കുക.

7. വികാരത്തെ തൊട്ടുണർത്തുന്ന കാര്യങ്ങളെയും സംശയാസ്പതമായ കാര്യങ്ങളെയും ഒഴിവാക്കുക.
8. ഖുർആൻ പാരായണം, ദാന ധർമങ്ങൾ, പുരുഷന്മാർ പള്ളിയിൽ ഇഅ്തികാഫ് ഇരിക്കൽ, നോമ്പ് തുറപ്പിക്കൽ എന്നിവ വർധിപ്പിക്കുക.
9.നോമ്പ് തുറക്കലിനെ വേഗത്തിലാക്കുകയും നിസ്കാരത്തെക്കാളും മുന്തിപ്പിക്കുകയും ചെയ്യുക.
10.നോമ്പ് തുറക്കൽ ഈത്തപ്പഴം കൊണ്ടോ, അല്ലങ്കിൽ കാരക്ക കൊണ്ടോ, അതുമല്ലെങ്കിൽ വെള്ളം കൊണ്ടോ ആയിരിക്കുക. (മൂന്ന് വീതം ആവലാണ് പൂർണ്ണമായ രൂപം).

നോമ്പ് തുറന്ന ഉടനെ ചൊല്ലേണ്ടത്

اللَّهُمَّ لَكَ صُمْتُ وَعَلَى رِزْقِكَ أَفْطَرْتُ
ذَهَبَ الظَّمَأُ وَابْتَلَّتْ الْعُرُوقُ وَثَبَتَ الْأَجْرُ إِنْ شَاءَ اللَّهُ

## കറാഹത്തായ കാര്യങ്ങൾ

ഉറക്ക് പോലുള്ളത് കൊണ്ട് വായക്ക് പകർച്ച വരാത്ത നോമ്പുകാരൻ ഉച്ചക്ക് ശേഷം മിസ്‌വാക്ക് ചെയ്യൽ, വായിൽ വല്ല വസ്തുവും ചവക്കുക, ആവശ്യം കൂടാതെ ഭക്ഷണത്തിന്റെ രുചി നോക്കുക. സുഗന്ധം ഉപയോഗി ക്കുക, വെള്ളത്തിൽ മുങ്ങുക, വായിൽ വെള്ളം കുപ്ലിക്കുമ്പോഴും മൂക്കിൽ വെള്ളം കയറ്റി ചീറ്റുമ്പോഴും ശക്തിയാക്കാതിരിക്കുക. വികാരം ഉണ്ടാവുന്ന രൂപത്തിൽ ഇണയുമായി സമ്പർക്കം പുലർത്തുക.

## നോമ്പ് മുറിയുന്ന കാര്യങ്ങൾ

നോമ്പ് മുറിയുന്ന കാര്യങ്ങൾ നാലാകുന്നു.
1) സംഭോഗം ചെയ്യുക.
2) ശുക്ലം പുറപ്പെടിക്കൽ
3) ഉണ്ടാക്കി ഛർദ്ദിക്കൽ
4) ഉള്ളിലേക്ക് തടിയുള്ള വസ്തു പ്രവേശിക്കുക. (കഫം, ഊനത്തിൽ നിന്ന് പുറപ്പെടുന്ന രക്തം, വെറ്റില പോലോത്തതിന്റെ ചുവപ്പ് കലർന്ന ഉമിനീർ, മറ്റ് ഭക്ഷണ പാനീയങ്ങൾ)

ഈ പറയപ്പെട്ട കാരണങ്ങൾ കരുതികൂട്ടിയും നിഷിദ്ധമാണെന്ന അറിവോടു കൂടിയും ഇഷ്ടാനുസരണവും ആയിരിക്കണം. കാരണത്തോടെയുള്ള അറിവില്ലായ്മ കൊണ്ടോ മറന്ന് കൊണ്ടോ നിർബന്ധത്തിനു വഴിപ്പെട്ടോ ആണ് മേൽ കാര്യങ്ങൾ സംഭവിച്ചതെങ്കിൽ നോമ്പ് മുറിയുകയില്ല.

## യാത്രക്കാരന്റെ നോമ്പ്

റമളാൻ മസാപ്പിറവി ദർശിച്ച ശേഷം ഒരു നാട്ടിൽ നിന്ന് ഉദയാസ്തമയ വ്യത്യാസമുള്ള മറ്റൊരു നാട്ടിലേക്ക് യാത്ര പോവുകയും അവിടെ റമളാൻ മാസപ്പിറവി കാണാതിരിക്കുകയും ചെയ്താൽ അവൻ അവരോടൊപ്പം യോജിക്കാതെ ആ ദിവസം നോമ്പനുഷ്ഠിക്കേണ്ടതാണ്. എന്നാൽ ഉദയാസ്തമയ വ്യത്യാസമുള്ള ഒരു രാജ്യത്ത് നിന്ന് റമളാൻ അവസാന നാളുകളിൽ മറ്റൊരു രാജ്യത്തേക്ക് യാത്ര ചെയ്യുന്നവൻ ആ നാട്ടുകാരോട് നോമ്പിലും പെരുന്നാളിലും യോജിക്കുകയാണ് വേണ്ടത്. ഇബ്നു ഹജർ (റ) പറയുന്നു. മാസം കണ്ട രാജ്യത്ത് നിന്ന് കാണാത്ത രാജ്യത്തേക്ക് യാത്ര പോയവൻ അവസാന നോമ്പ് ദിവസത്തിലും ആ നാട്ടുകാരോട് യോജിക്കണമെന്നാണ് പ്രബലം. അവൻ നോമ്പ് മുപ്പത് പൂർത്തിയാക്കിയ കാരണത്താൽ അതവന്റെ മുപ്പത്തി ഒന്നാമത്തെ നോമ്പ് ആയിരുന്നാലും ശരി. ഇനി ചന്ദ്രദർശനം ഉണ്ടാകാത്ത രാജ്യത്ത് നിന്ന് ദർശിച്ച രാജ്യത്തേക്കാണ് യാത്ര പോയതെങ്കിൽ അവന് ഇരുപത്തിയെട്ട് നോമ്പ് മാത്രമേ ലഭിച്ചിട്ടുള്ളൂ എങ്കിലും ശരി ആ നാട്ടുകാരോട് യോജിച്ച് കൊണ്ട് പെരുന്നാൾ അനുഷ്ഠിക്കുകയാണ് വേണ്ടത്.

മുപ്പത് പൂർത്തിയാക്കിയവൻ മുപ്പത്തി ഒന്നാമത്തേത് നോൽക്കണമെന്ന് പറയുന്നത് അവൻ എത്തിച്ചേർന്ന നാട്ടുകാരോട് യോജിക്കണമെന്നതിനാലാകയാൽ മുപ്പത്തി ഒന്ന് നോറ്റവന്റെ അവസാനത്തെ നോമ്പ് അടിസ്ഥാനപരമായല്ല നിർബന്ധമായത് എന്നത് വ്യക്തമാണ്. അതേ സമയം അവൻ യാത്ര പോയ നാട്ടുകാരോട് യോജിക്കുന്നതിന് വേണ്ടി ഇരുപത്തെട്ട് നോമ്പ് മാത്രം നോറ്റവൻ അവനു നഷ്ടപ്പെട്ട ഒരു നോമ്പ് പിന്നീട് ഖളാഅ് വീട്ടേണ്ടതാണ്.

## ഖളാഅ്, ഫിദ്‌യ, ഇംസാക്

അകാരണമായി നോമ്പ് നഷ്ടപ്പെട്ടാൽ പെട്ടന്ന് ഖളാഅ് വീട്ടൽ നിർബന്ധമാണ്. തക്കതായ കാരണത്താൽ നഷ്ടപ്പെട്ടതാണെങ്കിൽ അടുത്ത റമളാനിനു മുമ്പ് ഖളാഅ് വീട്ടൽ നിർബന്ധമാണ്. നഷ്ടപ്പെട്ട നോമ്പ് ഖളാഅ് വീട്ടുന്നതിന് അടുത്ത റമളാൻ വരെ അകാരണമായി ഒരാൾ പിന്തിച്ചാൽ ഓരോ നോമ്പും ഖളാഅ് വീട്ടുന്നതോടൊപ്പം ഓരോ നോമ്പിനും ഓരോ മുദ്ദ് വീതം അരിയും കൊടുക്കണം. വർഷം ആവർത്തിക്കുന്നതിനനുസരിച്ച് മുദ്ദിന്റെ എണ്ണം കൂടും.

നോമ്പ് ഖളാഅ് വീട്ടാനുള്ള നിലക്ക് ഒരാൾ മരണപ്പെട്ടാൽ അയാൾ അതിനു കുറ്റക്കാരൻ ആകും. മാത്രമല്ല ഓരോ ദിവസത്തെ നോമ്പിനും രണ്ട് മുദ്ദ് വീതം അവന്റെ അനന്തര സ്വത്തിൽ നിന്ന് നൽകണം. ഒന്ന്

പിന്തിപ്പിച്ചതിനും മറ്റൊന്ന് നഷ്ടപ്പെടുത്തിയതിനും. കാരണത്തോടെ പിന്തിപ്പിച്ച് വീട്ടാൻ കഴിയാതെ മരണപ്പെട്ടതാണെങ്കിൽ കുറ്റം ഉണ്ടാവില്ല. ഈ അവസരത്തിൽ നഷ്ടപെടുത്തിയതിനുള്ള ഒരുമുദ്ദ് അനന്തര സ്വത്തിൽ നിന്ന് നൽകണം. ഗർഭിണി അല്ലെങ്കിൽ മുല കൊടുക്കുന്ന സ്ത്രീ അവളുടെ കുട്ടിക്ക് പ്രയാസം ഉണ്ടാകുമെന്ന് ഭയന്ന് നോമ്പ് നഷ്ടപ്പെടുത്തിയാൽ ഖളാഅ് വീട്ടുന്നതോടൊപ്പം ഓരോ ദിവസത്തിനും ഒരു മുദ്ദ് ധാന്യം നൽകൽ നിർബന്ധമാണ്. ഇനി അവൾ സ്വയം ശരീരത്തിന്റെ പ്രയാസം ഭയന്നാണ് നഷ്ടപ്പെടുത്തിയതെങ്കിൽ ഖളാഅ് വീട്ടൽ മാത്രമാണ് നിർബന്ധം. കാരണം കൂടാതെയോ പിഴച്ചോ നോമ്പ് മുറിച്ചാൽ പകലിൽ നിന്നും ബാക്കിയുള്ള സമയം നോമ്പുകാരനെ പോലെ നിൽക്കുകയും പിന്നീട് ഖളാഅ് വീട്ടുകയും ചെയ്യൽ നിർബന്ധമാണ്.

## തറാവീഹ് നിസ്കാരം

റമളാനിലെ രാത്രികളിൽ പ്രത്യേകമായി സുന്നത്തുള്ള നിസ്കാരമാണ് തറാവീഹ്. തറാവീഹ് എന്നത് തർവീഹിന്റെ ബഹുവചനമാണ്. വിശ്രമിക്കുക എന്നതാണർത്ഥം. ഈ നിസ്കാരത്തിൽ ഓരോ നാലു റകഅത്തുകൾ ക്കിടയിൽ അൽപ സമയം വിശ്രമിക്കാറുണ്ടായിരുന്നു. അത് കൊണ്ടാണ് ഓരോ നാല് റകഅത്തുകൾക്ക് തർവീഹത്ത് എന്ന് പേര് വെക്കപ്പെട്ടത് (ഫത്ഹുൽ മുബ്തദി) ഈ നിസ്കാരത്തിന് തറാവീഹ് എന്ന നാമം സ്വഹാബത്തിന്റെ കാലത്ത് തന്നെ അറിയപ്പെട്ടിരുന്നു. ഹിജ്റ പതിനാലിൽ റമളാൻ രാവുകളിൽ തറാവീഹ് നിസ്കാരം നിലനിർത്തുന്നതിന് വേണ്ടി ഉമർ (റ) ഉത്തരവിട്ടതായി ഇമാം മസ്ഊദ് (റ) പ്രസ്താവിച്ചിട്ടുണ്ട്. കൂടിയത് ഇരുപത് റക്അത്തും കുറഞ്ഞത് രണ്ട് റക്അത്തുമാണ് ഈ നിസ്കാരമെങ്കിലും ഇരുപത് റക്അത്ത് പൂർത്തിയാക്കി നിസ്കരിക്കലാണ് ഏറ്റവും ഉത്തമം. ഹസൻ (റ) വിൽ നിന്ന് നിവേദനം: ‘മദീനയിൽ വെച്ച് റമളാനിൽ ജനങ്ങൾക്ക് ഇമാമായി ഉബയ്യ് (റ) ഇരുപത് റക്അത്തും വിത്ർ മൂന്ന് റക്അത്തും നിസ്കരിച്ചതായി മുസ്വന്നഫ് ഇബ്നു അബീ ശൈബ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇശാഅ് നിസ്കരിച്ചത് മുതൽ സുബ്ഹി വരെയാണ് അതിന്റെ സമയം. ഒറ്റക്കും ജമാഅത്തായും ഇത് നിസ്കരിക്കാവുന്നതാണ്. ‘തറാവീഹ് എന്ന സുന്നത്ത് നിസ്കാരം രണ്ട് റക്അത്ത് അല്ലാഹുവിന് വേണ്ടി (ഇമാമോട് കൂടെ) ഖിബ്‌ലക്ക് മുന്നിട്ട് ഞാൻ നിസ്കരിക്കുന്നു’ എന്ന് നിയ്യത്ത് ചെയ്ത് സാധാരണ സുന്നത്ത് നിസ്കാരങ്ങളെ പോലെ നിസ്കരിക്കുക.

### റമളാനിലെ ആദ്യത്തെ പത്തിൽ

اللَّهُمَّ ارْحَمْنِي يَا أَرْحَمَ الرَّاحِمِين۔

### രണ്ടാമത്തെ പത്തിൽ

اللَّهُمَّ اغْفِرْلِي ذُنُوبِي يَارَبَّ الْعَالَمِينْ

### മൂന്നാമത്തെ പത്തിൽ

اللَّهُمَّ اِنَّكَ عَفُوٌّ تُحِبُّ الْعَفْوَ فَاعْفُ عَنِّي

اللَّهُمَّ اعْتِقْنِي مِنَ النَّارِ وَأَدْخِلْنِي الْجَنَّةَ يَارَبَّ الْعَالَمِينْ

### റമളാനിൽ എപ്പോഴും അധികരിപ്പിക്കേണ്ടത്

أَشْهَدُ أن لَا إله إلَّا اللهُ أَسْتَغْفِرُ اللهَ أسأَلُكَ الجنَّةَ وأَعُوذُ بِكَ مِنْ النَّار

### റമളാനിലെ ദുആ

الحَمدُ للهِ رَبِّ العَالَمِينْ ، حَمدًا يُوَافِي نِعَمَهُ وَيُكَافِي مَزِيدَة ، اللَّهُمَّ صَلِّ وَسَلِّمْ وَبَارِكْ عَلَى سَيِّدِنَا مُحَمَّدٍ وَعَلَى آلِ سَيِّدِنَا مُحَمَّد، اللَّهُمَّاغفِرْ لَنَا ذُنُوبَنَا وَخَطَايَانَا كُلَّهَا، اللَّهُمَّ أَنْعِشْنَا وَاْجبُرْنَا وَارْزُقْنَا وَاهْدِنَا لِصَالِحِ الْأَعْمَالِ وَالْأَخْلَاقِ؛ إِنَّهُ لَا يَهْدِي لِصَالِحِهَا وَلَا يَصْرِفُ سَيِّئَهَا إِلَّا أَنْتَ تَوَفَّنَا مُسْلِمِينَ وَأَلْحِقْنَا بِالصَّالحِينَ، اللَّهُمَّ اجْعَلْ هَذَا الشَّهْرَ الشَّرِيفَ الْعَظِيمَ شَاهِدًا لَنَا لَا شَاهِدًا عَلَينَا وَاجْعَلْهُ حُجَّةً لَنَا لَا حُجَّةًعَلَينَا، اللَّهُمَّ اعْتِقْ رِقَابَنَا وَرِقَابَ آبَائِنَا وَأُمَّهَاتِنَا وَأَسَاتِذَتِنَا وَمَشَائِخِنَا وَأَقَارِبنَا مِنَ الدَّيْنِ وَالْمَظَالِمِ وَالنَّارِ، اللَّهُمَّ إِنَّ لَكَ فِي كُلِّ لَيْلَةٍ مِن لَيَالِي شَهْرِ رَمَضَانَ رِقَابًا تُعْتِقُهَا بِعَفْوِكَ اجْعَلْ رِقَابَنَا وَرِقَابَ آبَائِنَا وَأُمَّهَاتِنَا وَمَنْ تَعَلَّقَ بِنَا مِنْ تِلْكَ الرِّقَابِ يَا تَوَّابُ يَا وَهَّابُ، رَبَّنَا آتِنَا فِي الدُّنيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارْ، رَبَّنَا تَقَبَّل مِنَّا إِنَّكَ أَنتَ السَّمِيعُ العَلِيمْ، وَتُبْ عَلَينَا إِنَّكَ أَنتَ التَّوَّابُ الرَّحِيمْ، آمِينْ بِرَحْمَتِكَ يَا أَرحَمَ الرَّاحِمِينْ.

### തറാവീഹിന് ശേഷം

اللَّهُمَّ إِنَّ لَكَ فِي كُلِّ لَيْلَةٍ مِن لَيَالِي شَهْرِ رَمَضَانَ عُتَقَاءَ وَطُلَقَاءَ وَخُلَصَاءَ وَأُمَنَاءَ مِنَ النَّارِ، اجْعَلْنَا مِنْ عُتَقَائِكَ وَطُلَقَائِكَ وَخُلَصَائِكَ وَأُمَنَائِكَ مِنَ النَّارِ، اجْعَلْنَا يَا إِلَهَنَا يَا اللهُ يَا اللهُ يَا اللهُ مِنَ السُّعَدَاءِ الْمَقْبُولِينَ وَلَا تَجْعَلْنَا مِنَ الأَشْقِيَاءِ الْمَطْرُودِينَ، رَبَّنَا تَقَبَّلْ مِنَّا صَلَاتَنَاوَصِيَامَنَا وَقِيَامَنَا وَرُكُوعَنَا وَسُجُودَنَا وَتَخَشُّعَنَا وَتَضَرُّعَنَا وَتَمِّمْ تَقْصِيرَنَا وَاسْتَجِبْ دُعَائَنَا إِنَّكَ أَنْتَ السَّمِيعُ الْعَلِيْم.

### വിത്റിന് ശേഷമുള്ള ദുആ

اللَّهُمَّ إنا نَعُوذُ بِرِضَاكَ مِنْ سَخَطِكَ وَبِمُعَافَاتِكَ مِنْ عُقُوبَتِكَ وَبِكَ مِنْكَ لَا نُحْصِي ثَنَاءً عَلَيْكَ أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِكَ فَلَكَ الْحَمْدُ وَلَكَ الشُّكْرُ حَتَّى تَرْضَى.

## അവസാനത്തെ പത്ത്

അവസാനത്തെ പത്തിൽ സുന്നത്ത് നിസ്കാരങ്ങൾ, ഇഅ്തികാഫ്, ദാന ധർമങ്ങൾ, കുടുംബ ബന്ധം ചേർക്കൽ, ഖുർആൻ പാരായണം, ദിക്ർ സ്വലാത്തുകൾ തുടങ്ങിയ സൽകർമങ്ങൾ വർധിപ്പിക്കാൻ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണ്.

ആയിശ (റ) പറയുന്നു: റമളാൻ അവസാന പത്ത് ആയാൽ നബി (സ) തുണി മുറുക്കിയുടുക്കുകയും രാത്രി സജീവമാക്കുകയും വീട്ടുകാരെ ഉണർത്തുകയും ചെയ്യുമായിരുന്നു. (ബുഖാരി, മുസ്‌ലിം)

## ലൈലത്തുൽ ഖദ്ർ

മുൻകഴിഞ്ഞ സമുദായത്തിന് നൽകാത്ത ലൈലത്തുൽ ഖദ്ർ എന്റെ സമുദായത്തിന് അല്ലാഹു സമ്മാനിച്ചിരിക്കുന്നു (ഹദീസ്). റമളാൻ അവസാനത്തിലെ ഒറ്റപ്പെട്ട 21,23,25,27,29 എന്നീരാത്രികളിലാണ് ലൈലത്തുൽ ഖദ്ർ പ്രതീക്ഷിക്കേണ്ടത്. ആ ദിവസത്തിലെ ഓരോ ആരാധനക്കും ആയിരം മാസത്തേക്കാൾ പ്രതിഫലം ലഭിക്കും.

## ഇഅ്തികാഫ്

പള്ളിയിൽ ഇഅ്തികാഫിന്റെ നിയ്യത്തോടെ അൽപസമയം ചിലവഴിക്കുന്നതിനാണ് ഇഅ്തികാഫ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. വലിയ പുണ്യമുള്ള കർമമാണത്. അത് റമളാനിൽ ആകുമ്പോൾ കൂടുതൽ പുണ്യാർഹമാണ്. ആയിശ (റ) പറയുന്നു. നബി തങ്ങളുടെ വഫാത്ത് വരെ അവിടുന്ന് റമളാനിലെ അവസാന പത്തിൽ ഇഅതികാഫ് അനുഷ്ഠിക്കാറുണ്ടായിരുന്നു. റമളാനിലെ പത്ത് ദിവസം ഒരാൾ ഇഅ്തികാഫ് ഇരുന്നാൽ രണ്ട് ഹജ്ജും രണ്ട് ഉംറയും നിർവഹിച്ച പ്രതിഫലം ലഭിക്കും എന്ന് ഹസനുബ്നു അലി (റ) പറഞ്ഞിരിക്കുന്നു (ബൈഹഖി)

## പെരുന്നാളിന്റെ രാവ്

മുആദ് (റ) നിന്ന് ഉദ്ധരിക്കുന്നു: നാല് രാത്രികൾ ഒരാൾ സജീവമാക്കിയാൽ അവന് സ്വർഗം നിർബന്ധമാണ്. ദുൽഹിജ്ജ എട്ട്, അറഫാ ദിനം, വലിയ പെരുന്നാൾ രാവ്, ഈദുൽ ഫിത്വർ രാത്രി (ഇബ്നു അസാക്കിർ)

## ഫിത്ർ സകാത്ത്

മനുഷ്യ ശരീരവുമായി ബന്ധപ്പെട്ട സകാത്തിനാണ് ഫിത്ർ സകാത്തെന്ന് പറയുന്നത്. അനുയോജ്യമായ വീട്, ആവശ്യമായ പരിചാരകൻ, പെരുന്നാൾ

ദിവസത്തിന്റെ രാപ്പകലുകളിൽ തനിക്കും താൻ ചെലവ് കൊടുക്കൽ നിർബന്ധമായവർക്കുമുള്ള ഭക്ഷണം, വസ്ത്രം തുടങ്ങിയ ചെലവുകൾക്കുള്ള തുകയും കടവും കഴിച്ച് വല്ല സമ്പത്തും ബാക്കിയുള്ള വ്യക്തി സ്വശരീരത്തിന് വേണ്ടിയും താൻ ചെലവു കൊടുക്കൽ നിർബന്ധമായവർക്കു വേണ്ടിയും ഫിത്ർ സകാത്ത് നൽകൽ നിർബന്ധമാണ്. റമളാനിലെ ഏറ്റവും ഒടുവിലത്തെയും ശവ്വാലിലെ ഏറ്റവും ആദ്യത്തെയും നിമിഷങ്ങളിൽ ജീവിച്ചിരിക്കുന്ന എല്ലാവരിലും നിർബന്ധമാക്കപ്പെട്ട ദാനമാണിത്. ശാരീരിക, ആത്മീയ ശുദ്ധീകരണമാണ് ഈ സകാത്ത് നൽകുന്നതിലൂടെ നടക്കുന്നത്. പെരുന്നാൾ ദിവസം ആരും തന്നെ പട്ടിണിയാകാൻ പാടില്ല എന്നത് കൂടിയാണ് ഇതിന്റെ ഉദ്ദേശ്യം. സഹ്‌വിന്റെ സുജൂദ് നിസ്കാരത്തിലെ ന്യൂനതകൾ പരിഹരിക്കുമെന്നത് പോലെ ഫിത്ർ സകാത്ത് നോമ്പിന്റെ ന്യൂനതകൾ പരിഹരിക്കുന്നതാണ്.

ഒരാളുടെ പ്രധാനഭക്ഷണത്തിൽ നിന്ന് 3.200 ലിറ്റർ (ഏകദേശം 2.600 ഗ്രാം) ആണ് ഫിത്ർ സകാത് നൽകേണ്ടത്. ക്യാഷ് കൊടുക്കൽ മതിയാകുന്നതല്ല. പെരുന്നാൾ രാവിലെ സൂര്യാസ്തമയം മുതൽ പെരുന്നാൾ ദിവസത്തെ സൂര്യാസ്തമയം വരെയാണ് അതിന്റെ സമയം. എങ്കിലും പെരുന്നാൾ നിസ്കാരത്തെക്കാൾ പിന്തിക്കൽ കറാഹത്താണ്. അകാരണമായി പെരുന്നാൾ ദിവസത്തേക്കാൾ പിന്തിക്കൽ നിഷിദ്ധവും പെട്ടെന്ന് തന്നെ കൊടുത്തു വീട്ടൽ നിർബന്ധവുമാണ്. യഥാർത്ഥ അവകാശികളിലേക്ക് എത്തിയാൽ മാത്രമേ സകാത്ത് വീടുകയുള്ളൂ. മറ്റുള്ളവരെ ഏൽപ്പിക്കുമ്പോൾ നിയ്യത്തും വക്കാലത്തും ശ്രദ്ധിക്കുകയും അവകാശികളിലേക്കെത്തുമെന്ന ഉറപ്പും വേണം. മാസം കാണുന്ന സമയത്ത് എവിടെയാണോ അവിടെയാണ് നൽകേണ്ടത്.

***




RSC
risala study circle
GULF COUNCIL